STATE EDUCATIONAL LIBRARY
POOJAPPURA
TVPM - 695 012
S.C.E.R.T.

TB/IV/1932/400(M)




TB/IV/1932/400(M)

# സുബോധിനീപാഠമാല

## നാലാം പാഠം.

അപ്പൻതമ്പുരാൻ.

OFFICE OF THE TEXT-BOOK COMMITTEE, TRIVANDRUM.

1932

വില അണ @.

ഉടഞ്ഞാലും വിലകുറയുന്നതല്ല. എന്നാൽ വൈരക്കൽ രണ്ടായി പിളർന്നാൽ അതുല്യം ഉണ്ടായിരുന്ന വിലയിൽ നൂറിൽ ഒരംശം അവയ്ക്കു ലഭിക്കുന്നതല്ല.

---

പാഠം പന്ത്രണ്ട്

## ഓണക്കാലം

പാടങ്ങളിൽ കൊയ്ത്തുകാലം തുടങ്ങീ
ചാടുന്ന വന്മാരിയൊട്ടൊട്ടടങ്ങീ
മാനം തെളിഞ്ഞു മഴക്കാറു നീങ്ങീ
ആനന്ദമാനന്ദമോണം വരുന്നു. 1

കാണുന്ന കാടൊക്കയും കൺതുറന്നി-
ട്ടോണം വരും കാഴ്ച നോക്കുന്നപോലെ
സൂനങ്ങളെല്ലാം വിടർന്നുജ്വലിപ്പൂ
ആനന്ദമാനന്ദമീ നല്ലകാലം. 2

വെൺതുമ്പയും തെറിയോണപ്രസൂനം
ശംഖപ്രസൂനങ്ങളം കാകപ്രസൂനം
കണ്ണാന്തെളിപ്പൂവുമെണ്ണേണ്ടതായു-
ണ്ടെന്നല്ലരിപ്പൂവുമിന്നാദരിപ്പൂ. 3

നെല്ലിന്നിടക്കുള്ള പുല്ലിന്റെ മക്ക-
ളുള്ളാച്ചെടിക്കും സ്ഫുരിക്കുന്ന പൂക്കൾ
എല്ലാവിധം പൊന്തയും പൂത്തുനില്പാ-
ണുല്ലാസമേന്തുന്ന ഭൂദേവിപോലും. 4

ആവുന്നമട്ടുണ്ടുടൻ വില്ലുകൊട്ടി-
പ്പൂവട്ടിയും തോളിലേകത്തു തൂക്കി
തൂവസ്ത്രിമേൽ നല്ല ചിറാടചിറി-
'പ്പൂവേ'വിളിക്കുന്ന കുട്ടിക്കിടാങ്ങളം. 5

ഓണത്തിനത്തം മുതൽക്കങ്കണാന്തേ
വേണം കളം പൂക്കളാലൊന്നു വേറെ
ചേണാന്നതിന്നായ് ശ്രമിക്കും കിടാങ്ങളം-
ക്കോണപ്പടവയ്ക്കുണ്ടു പൂണ്ണാവകാശം. 6

അത്തം വെളുത്തപ്പൊഴം മുറ്റം ജലിച്ചോ-
രുദ്യാനമായ് വന്ന പുഷ്പങ്ങളാലെ
ആശക്കുചേരും വിധം തത്ര നന്നായ്
ശ്രീചക്രരൂപം രചിക്കുന്ന പൂവാൽ. 7

സമ്മോദമെല്ലാക്കുമൊന്നിച്ചിയന്നു
ചെമ്മേ കിടാങ്ങളംക്കു ചൊല്ലേണ്ടതുണ്ടോ?
വമ്മോടി ക്രൂരതെയില്ലേതൊരാളും
രമ്യങ്ങളായ് ശൈലശൃംഗങ്ങളംപോലും. 8

ഉഴുന്നിനു വമ്പിച്ച വട്ടങ്ങളം കൂട്ടീ-
ട്ടോണം കഴിക്കാതെയില്ലേതു വീടും
നാനാതരം ചാരു പുഷ്പങ്ങളാലേ
കാണുന്ന ചിത്രങ്ങളായങ്കണങ്ങളം. 9

ഉത്രാടമാം നാളിഷസ്സായനേര-
ത്തുത്സാഹമെല്ലാക്കുമൊന്നിച്ചിയന്നു
തുക്കാക്കരപ്പന്റെ പണ്യപ്രതിഷ്ഠ-
യ്ക്കാക്കം ക്രിയയ്ക്കുന്ന നാട്ടാർ തുടർന്നു. 10

ഉത്സവം വിശേഷാല്പട്ടുപ്പം നടപ്പും
കാണുന്ന നിഷ്കർഷയിതേരളത്തിൽ
ഇത്രവണ്ണമെന്നെന്നുമോണത്തോട്ടം നാം
മേവീടുമാറാക്കുക്കാക്കരപ്പൻ. 11

തേലപ്പുറത്തു നാരായണൻനമ്പി
(രാകേരളി)

---

പാഠം ക

## ആചാര്യസ്വാമികൾ

I

ആദ്യം കേരളത്തിൽ ഉണ്ടായിരുന്നവർ എല്ലാം ഹിന്ദുമതക്കാരായിരുന്നു. അന്യദേശക്കാർ വന്നുതുടങ്ങിയപ്പോൾ അന്യമതങ്ങളും വന്നുതുടങ്ങി. ക്രിസ്തുമതം വന്നതിന്റെശേഷം അനേകം കേരളീയർ ക്രിസ്തുമതം സ്വീകരിച്ചതായി നിങ്ങൾ അറിഞ്ഞിരിക്കാം. അതുപോലെ ഒരുകാലത്തു ബുദ്ധമതം തെക്കെ ഇന്ത്യയിൽ പരക്കുവാൻ തുടങ്ങി. ആ അവസരത്തിൽ കേരളത്തിലും അതു കടന്നുകൂടി കേരളീയരായ ഹിന്ദുക്കളെയും വശീകരിച്ചിരുന്നു. അതുനിമിത്തം കേരളീയരുടെ ആചാരങ്ങൾക്കും വ്യവസ്ഥയില്ലാതായി. അക്കാലത്താണു ശങ്കരാചാര്യസ്വാമികൾ ജനിച്ചതു്.

കേരളചരിത്രത്തിൽ പരശുരാമൻ കഴിഞ്ഞാൽ പിന്നെ കേളികേട്ട ഒരു പുരുഷനായിരുന്നു ശ്രീശങ്കരാചാര്യസ്വാമികൾ. സാധാരണ മനുഷ്യർക്ക് ഇല്ലാത്തതായ ബുദ്ധിശക്തിയും പ്രാവീവും അദ്ദേഹത്തിനു സഹജമായിരുന്നു. അതുകൊണ്ടു് ആചാര്യസ്വാമികൾ

TB/II/1932/400 (M)
32, 63

TB/II/1932/400(M)

302

# സുബോധിനീപാഠമാല

രണ്ടാം പാഠം.

അപ്പൻതമ്പുരാൻ.

OFFICE OF THE TEXT-BOOK COMMITTEE
TRIVANDRUM

1932

വില അണ നാല്.

പാഠം ൧൨

## തൃക്കാക്കര

തൃക്കാക്കര എന്ന പേർ 'തൃക്കാൽക്കര' എന്നതിന്റെ പുരുക്കമാകുന്നു. മഹാബലി ഭൂമിയിൽ വന്നപ്പോഠം ആദ്യം തൃക്കാൽ വെച്ചതു് ഇവിടെയായിരുന്നു എന്നാണു് ഐതിഹ്യം. മഹാബലിയുടെ രാജധാനിയും തൃക്കാക്കരെത്തന്നെയായിരുന്നു.

മഹാബലി അല്ലെങ്കിൽ മാവേലി നമ്മുടെ നാട്ടിൽ വന്ന ദിവസമാകുന്നു ചിങ്ങമാസത്തിൽ തിരുവോണം. ഈ വിശേഷദിവസം മലയാളത്തിൽ എല്ലായിടത്തും കൊണ്ടാടിവരുന്നു. 'കാണം വിറ്റും ഓണം ഉണ്ണണം' എന്നൊരു ചൊല്ലുകൂടിയുണ്ടു്. മാവേലിയുടെ കാലത്തു ജനങ്ങൾക്കു് എല്ലാംകൊണ്ടും സുഖമായിരുന്നു. അതിന്റെ ഓർമ്മയ്ക്കായി അദ്ദേഹം വന്ന ദിവസം ഇന്നും നാം ആഘോഷിച്ചുവരുന്നു.

'മാവേലി നാടുവാണീടുംകാലം,
അക്കാലമൊക്കയുമെന്നുപോലെ;
ആനന്ദത്തോടേ വസിക്കുംകാലം,
ആപത്തുമാർക്കുമതില്ലതാനും.
ആധിയും വ്യാധികളൊന്നുമില്ല,
ബാലമരണങ്ങളും കാണ്മാനില്ല,
പത്തായിരത്താണ്ടിരിക്കുമല്ലോ.
എല്ലാക്ഷ്മികളുമൊന്നുപോലെ,
വിത്തിന്നു നാം വിളവുകാണും,
ദുഷ്ടരെ കൺകൊണ്ടു കാണ്മാനില്ല.'

ചിങ്ങമാസത്തിൽ തിരുവോണം തൃക്കാക്കര ക്ഷേത്രത്തിൽ ആറാട്ടുദിവസമാകുന്നു. ഉത്സവത്തിനു കേരളത്തിൽ ഉള്ള രാജാക്കന്മാർ ഒക്കെ പോയിരുന്നു. ആ ക്ഷേത്രം സംബന്ധിച്ച് ഓരോരുത്തക്കും ഓരോ സ്ഥാനങ്ങളും പ്രവൃത്തികളും ഉണ്ടായിരുന്നു. അവക്ക് താമസിക്കുവാൻ പ്രത്യേകിച്ചു സ്ഥലങ്ങളും ഉണ്ടായിരുന്നു. ഉത്സവത്തിനു പോകുവാൻ സാധിക്കാത്തവർ ആറാട്ടുദിവസം 'തൃക്കാക്കരയപ്പനെ' അവരുടെ ഗൃഹങ്ങളിൽ വെച്ചു പൂജിച്ചിരുന്നു. ആ പതിവിന്റെ ഒരു അടയാളമാകുന്നു, തിരുവോണത്തുന്നാൾ മുറത്തു തൃക്കാക്കരയപ്പനെ ഇന്നും നാം വെച്ചുവരുന്നതു്. കൊച്ചി വലിയതമ്പുരാൻ ആറാട്ടിനു ചമഞ്ഞു പുറപ്പെടുന്ന ദിവസം അത്തം നാൾ ആയിരുന്നു. ഇന്നും അത്തച്ചമയം ആ ദിവസം ആഘോഷിക്കപ്പെടുന്നു.

ഈ ക്ഷേത്രം ജീർണ്ണപ്പെട്ടുപോയി. ഇടിഞ്ഞു പൊളിഞ്ഞുകിടക്കുന്ന കല്ലുകളിൽ ചിലതിന്മേൽ അക്ഷരം കൊത്തിയിട്ടുള്ളതായിക്കാണാം. ആ രേഖകൾ ക്ഷേത്രത്തിന്റെ പഴമക്കഥകളാകുന്നു.

---

പാഠം ൧൧

ഒരു കലഹം.

ആനമുഖവനുമാറുമുഖവനും
ഘോരമാംവണ്ണം കലഹിക്കുമ്പോൾ
പാരമുറക്കെക്കരഞ്ഞു തുടങ്ങിനാൻ
ഹേരംബൻ പാരം വിവശമോടെ.

TB/IV/1933/400(M)

STATE EDUCATIONAL LIBRARY
POOJAPPURA
TVPM - 695 012
S.C.E.R.T.




TB/IV/1933/400(M)

# MODEL READERS
# FOURTH BOOK.

BY
Vidwan, G. SANKARA KUKUP.



മാതൃകാപാഠാവലി

# നാലാം പുസ്തകം.

ഗ്രന്ഥകർത്താ
വിദ്വാൻ ജി. ശങ്കരക്കുറുപ്പ്.

SECOND EDITION.

TRICHUR,
V. SUNDRA IYER & SONS,
1933.

Price 5 As.] Copy-right [വില 5 അണ.

കിടന്നുറങ്ങുന്ന സ്ഥലം ശുദ്ധവായുവിനു് ധാരാളം പ്രവേശിക്കുവാൻ സൌകര്യമുള്ളതു് ആയിരിക്കേണ്ടതാണു്. മാത്രമല്ല, ശുചിയായി വച്ചുകൊണ്ടിരിക്കയും വേണം. അനേകംപേർ അടുത്തടുത്തു കിടന്നുറങ്ങുന്നതു തെറ്റാകുന്നു. ചിലർ മൂടുകൊണ്ടും മറ്റും മുഖം മൂടിക്കിടന്നുറങ്ങുക പതിവാണു്. അതുനിമിത്തം അശുദ്ധവായു ശ്വസിക്കുവാനും രോഗം ഉണ്ടാകുവാനും ഇടയാകും.

'നേരത്തേ ഉറങ്ങണം, നേരത്തേ ഉണരണം' എന്നാണു് അഭിജ്ഞന്മാരുടെ ഉപദേശം. എന്നാൽ ആരോഗ്യവും ബുദ്ധിയും വർദ്ധിക്കും. ശരീരശക്തിയിൽ മനുഷ്യർ എല്ലാവരും സമന്മാരല്ല; എല്ലാവർക്കും പ്രവൃത്തിയും കൃത്യമായിട്ടുള്ളതല്ല. അതിനാൽ ഇത്രനേരം ഉറങ്ങണമെന്നു് സാമാന്യമായി ഒരു നിയമം കല്പിക്കുവാൻ പ്രയാസം ആകുന്നു. വൃദ്ധന്മാരും, രോഗികളും, ശിശുക്കളും യുവാക്കന്മാരേക്കാൾ അധികം നേരം ഉറങ്ങേണ്ടതാണു്. നല്ല ആരോഗ്യമുള്ള ഒരു മനുഷ്യനു് എട്ടു മണിക്കൂർ ഉറങ്ങിയാൽ മതി.

---

## ൨൨. ഓണത്തിന്റെ ആഗമം.

*ചിങ്ങമാസത്തിൽ തിരുവോണംപോലെ മലയാളികൾക്കു് ആഹ്ലാദകരമായ മറ്റൊരു ദിവസം ഇല്ല. അന്നു് അന്യദേശത്തുനിന്നു് ആരെങ്കിലും വന്നാൽ കേരളത്തിൽ ദാരിദ്ര്യംതന്നെ ഇല്ലെന്നു തോന്നിപ്പോകും. മിക്ക ഗൃഹങ്ങളിലും പാട്ടും കൂത്തും കളിയും ഇല്ലാതിരിക്കയില്ല. ഏതു നിർധനനും അലക്കിയ മുണ്ടു് ഉടുക്കും.

ആട്ടിറച്ചിത്തോടുകൂടി ഇരിക്കും. അന്നു കൃഷിക്കാരൻ പാടത്തു പണിയെടുക്കുകയില്ല. കൂലിക്കാൻ വേലയുണ്ടോ എന്നു വിളിച്ചുചോദിച്ചുകൊണ്ടു് അലഞ്ഞുനടക്കുകയില്ല. എല്ലാദിക്കിലും ഉത്സാഹത്തിന്റെയും ആനന്ദത്തിന്റെയും ചിഹ്നമേ കാണുകയുള്ളു.

ഈ മഹാമഹത്തിന്റെ ആഗമം ഇന്നും അജ്ഞാതമായിട്ടാണു് ഇരിക്കുന്നതു്. ഇതിനെ സംബന്ധിക്കുന്ന ചില ഐതിഹ്യങ്ങൾ മാത്രമുണ്ടു്.

പണ്ടു് അസുരചക്രവർത്തിയായ മഹാബലി മൂന്നു ലോകവും കീഴടക്കി വാണിരുന്നുവത്രെ. അക്കാലത്തു ദാരിദ്ര്യം, രോഗം, അകാലമൃത്യു മുതലായ ദോഷങ്ങളിലൊന്നും അദ്ദേഹത്തിന്റെ പ്രജകളെ പീഡിപ്പിച്ചിരുന്നില്ല. അവർക്കു് എന്നും ഓണംതന്നെയായിരുന്നു.

മഹാബലി ഗുണശാലിയായ ഒരു ചക്രവർത്തി ആയിരുന്നെങ്കിലും, ഇന്ദ്രനു് അദ്ദേഹത്തിന്റെ കീഴ്വൽ സ്വർഗ്ഗം ഭരിക്കുവാൻ ഇഷ്ടമുണ്ടായിരുന്നില്ല. അതിനാൽ ദേവരാജൻ വിഷ്ണുവിന്റെ അടുക്കൽ ചെന്നു സങ്കടമുണർത്തിക്കുകയും ഭഗവാൻ, ആശ്രിതവത്സലനാകയാൽ, അതു പരിഹരിക്കുവാൻ സന്നദ്ധനാവുകയും ചെയ്തു.

ശ്രീനാരായണൻ അതിനുവേണ്ടിയാണു് വാമനനായി അവതരിച്ചതു്. അദ്ദേഹം ഒരു വടുവിന്റെ രൂപത്തിൽ അസുരചക്രവർത്തിയുടെ സന്നിധിയിൽ ചെന്നു മൂന്നടി മണ്ണു യാചിച്ചു. ഉദാരനായ ബലി അതു് അളന്നെടുത്തുകൊള്ളുവാൻ അനുവദിക്കുകയും ചെയ്തു. തൽക്ഷണം ആ ബാലൻ വളർന്നു വളർന്നു ചക്രവർത്തിയെ

അത്ഭുതവിവശനാക്കി. സപദ്മം കൂടിയായി അളന്നെടുത്തു. ഭൂമിയും പാതാളവുംകൂടി രണ്ടടി തികഞ്ഞില്ല. ഉടനേ സത്യസന്ധനായ മഹാബലി സപദി ശിരസ്സു കാണിച്ചുകൊടുക്കുകയും വാമനൻ ആ ദേഹത്തെ പാതാളത്തേക്കു തള്ളിത്താഴ്ത്തുകയും ചെയ്തുവത്രെ. ഇന്നും അദ്ദേഹമാണ് അധോലോകം ഭരിച്ചുവരുന്നതെന്നു ചില വൃദ്ധന്മാർ പറയാറുണ്ട്.

സ്ഥാനഭ്രഷ്ടനായ മഹാബലി, ഭൂമിയിൽ വന്ന് ഒരു ദിവസം സപ്രജകളെ കാണുവാൻ, അനുവാദം ചോദിച്ചു. ചിങ്ങമാസത്തിൽ തിരുവോണത്തിൻനാൾ വന്ന ഭൂമി സന്ദർശിച്ചു പൊയ്ക്കൊള്ളുവാനാണ് ഭഗവാൻ അനുകമ്പയോടുകൂടി അരുളിച്ചെയ്തത്. ആ മഹാമനസ്കനായ ചക്രവർത്തി വീണ്ടും ഭൂസന്ദർശനം ചെയ്യുന്ന ദിവസം ആകയാലാണു നാം തിരുവോണം കേമമായി കൊണ്ടാടുന്നതെന്നതത്രേ വളരെ പ്രചാരമുള്ള ഒരു ഐതിഹ്യം.

പരശുരാമൻ ബ്രാഹ്മണർക്കു ദാനംചെയ്തതാണു കേരളം എന്നു പഴമക്കാർ പറയുന്നതു്, നിങ്ങളിൽ ചിലരെങ്കിലും കേട്ടിരിക്കും. ആ മഹർഷി തിരോധാനം ചെയ്യുമ്പോൾ, അത്യാപത്തു നേരിടുന്നപക്ഷം എല്ലാവരുംകൂടി തന്നെ സ്മരിക്കുന്നതായാൽ, പ്രത്യക്ഷനാകുന്നതാണെന്നു നമ്പൂതിരിമാരോടു പറഞ്ഞിരുന്നുപോൽ. ഒരിക്കൽ കേരളബ്രാഹ്മണർ അനാവശ്യമായി അദ്ദേഹത്തെ സ്മരിച്ചു. തന്നിമിത്തം കുപിതനായ മഹർഷി മേലാൽ താൻ പ്രത്യക്ഷനാവുന്നതല്ലെന്നുപറഞ്ഞു മറഞ്ഞപ്പോൾ അവർ ക്ഷമയായാചനം ചെയ്തു. ഒടുവിൽ അവരുടെ അപേക്ഷതീരെ നിരസിക്കുവാൻ മനസ്സുവരാതെ, ജാമദഗ്ന്യൻ

ചിങ്ങമാസത്തിൽ തിരുവോണത്തിൻനാൾ മാനുഷരൂപിക്ക് അഗോചരനായി കേരളത്തിൽ വന്നു പൊയ്ക്കൊള്ളാമെന്നു സമ്മതിച്ചുവത്രെ. അതുകൊണ്ടാണ് ആ ദിവസം എല്ലാവരും ആഹ്ലാദത്തിൽ മുഴുകിക്കഴിഞ്ഞുപോരുന്നതെന്നാണു മറ്റൊരു വാദം.

ഇതെല്ലാം കെട്ടുകഥകളാണെന്നു പ്രഥമശ്രവണത്തിൽതന്നെ ആർക്കും തോന്നും. കുറച്ചുകൂടി ശ്രദ്ധാഹ്വമായ വേറെ ഒരു പക്ഷം ഉള്ളതും നിങ്ങൾ മനസ്സിലാക്കേണ്ടതാകുന്നു. തിരുവിതാംകൂർ സംസ്ഥാനത്തു കന്നത്തുനാട്ടതാലൂക്കിൽ തൃക്കാക്കര എന്ന സ്ഥലത്തു പ്രസിദ്ധമായ ഒരു മഹാക്ഷേത്രമുണ്ട്. അവിടെ പരശുരാമൻ വാമനമൂർത്തിയെ പ്രതിഷ്ഠിച്ചതു ചിങ്ങമാസത്തിൽ തിരുവോണത്തിൻനാൾ ആയിരുന്നുവത്രെ. അതിന്റെ സ്മാരകമായി അവിടെ പ്രതിവർഷം നാല്പത്തൊന്നു ദിവസം ഉത്സവം നടത്തിവന്നിരുന്നു. ചിങ്ങമാസത്തിൽ അത്തം മുതൽ പത്തു നാൾ ആയിരുന്നു വളരെ പ്രധാനമായി ഗണിച്ചിരുന്നതു്. കേരളത്തിലെ സർവ്വപ്രദേശങ്ങളും അക്കാലത്തു് ആ ക്ഷേത്രത്തിൽ എത്തുക പതിവായിരുന്നു. ദൂരം നിമിത്തം സർവ്വജനങ്ങൾക്കും അവിടെ ചെല്ലുവാൻ സാധിച്ചിരുന്നില്ല. അതിനാൽ യഥാശക്തി ഗൃഹത്തിലിരുന്നു് ആളുകൾ ആ ഉത്സവം ആഘോഷിക്കുവാനും തൃക്കാക്കരപ്പനെ പൂജിക്കുവാനും തുടങ്ങി. മലയാളത്തിൽ ഓണമഹോത്സവത്തിന്റെ ആഗമം ഇപ്രകാരമാണെന്നു് ഊഹിച്ചാൽ അബദ്ധമാവുകയില്ല.

# കേരളപാഠാവലി

## രണ്ടാം പാഠപുസ്തകം

M.S.795
S 82

# കേരളപാഠാവലി

# രണ്ടാംപാഠപുസ്തകം

## ക്ലാസ്സ് 2

തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിൽനിന്നു്
നിയമിച്ച കമ്മിറ്റി തയ്യാറാക്കിയതു്.

[പകർപ്പവകാശം ഗവണ്മെൻറിനു്]

1956

വില 7 അണ.

cl-ii-i

കമ്മിറ്റി അംഗങ്ങൾ:-

1. ശൂരനാട്ടു കുഞ്ഞൻപിള്ള
3. അമ്പാടി കാർത്ത്യായനി അമ്മ
3. എം. രാമകൃഷ്ണൻ നായർ
4. മാത്യു എം. കഴിവേലി

നെല്ലിനു വളം ചാണകവും പച്ചിലയും മറ്റും ആണു്. നെൽക്കൃഷിക്കു് വെള്ളക്കേടും കരിവും കൊണ്ടു് ദോഷം വരും. ചിലതരം കിളികളും ചാഴികളും വിളവു നശിപ്പിക്കും. ചാഴി വീണാൽ നെല്ലു് അധികവും പതിരു് ആയിപോകും

---

പാഠം 24

# മഹാബലി

പണ്ടു് മഹാബലി എന്നു പേരായ ഒരു അസുരചക്രവർത്തി ഉണ്ടായിരുന്നു. അസുരന്മാരുടെ താമസം പാതാളത്തിൽ ആണു്. അവർക്കു് ദേവന്മാരോടു തുടർച്ചയായി യുദ്ധം ഉണ്ടായിരുന്നു. മഹാബലി ദേവന്മാരെ തോൽപ്പിച്ചു് സ്വർഗ്ഗം പിടിച്ചടക്കി. അദ്ദേഹം സ്വർഗ്ഗവും പാതാളവും ഭൂമിയും അടക്കി വാണു.

മഹാബലിയുടെ കാലത്തു് ജനങ്ങൾക്കു് ഒരു ദുഃഖവും ഉണ്ടായിരുന്നില്ല. കള്ളവും ചതിയും നാട്ടിൽ നിന്നു് മറഞ്ഞു. അദ്ദേഹത്തിന്റെ പേരിൽ ജനങ്ങൾക്കു് ഭക്തി നാൾക്കുനാൾ ഏറിവന്നു. എങ്കിലും ദേവന്മാർ അദ്ദേഹത്തോടു പകവീട്ടാൻ എപ്പോഴും തക്കം നോക്കിക്കൊണ്ടിരുന്നു.

മഹാബലി ഒരിക്കൽ ഒരു യാഗം ആരംഭിച്ചു. യാഗത്തിനു ചെന്നവർക്ക് ആഗ്രഹമുള്ളതെല്ലാം അദ്ദേഹം കൊടുത്തു. ഒരു ദിവസം ഒരു ബ്രാഹ്മണ കുമാരൻ യാഗശാലയിൽ ചെന്നു. ആ കുട്ടിക്ക് പ്രായത്തിനു തക്ക പൊക്കം ഇല്ലായിരുന്നു. അതുകൊണ്ട് അദ്ദേഹത്തെ വാമനൻ എന്നു വിളിച്ചിരുന്നു. ആ കുമാരന്റെ തേജസ്സ് എല്ലാവർക്കും അദ്ഭുതം ഉണ്ടാക്കി.

മഹാബലി വാമനനെ വേണ്ടപോലെ പൂജിച്ചു. പിന്നിട് ഇങ്ങനെ ചോദിച്ചു:—

അങ്ങേയ്ക്ക് എന്താണു വേണ്ടതു്? ഇഷ്ടമുള്ളതു് ചോദിച്ചുകൊള്ളാം.

വാമനൻ:—മഹാരാജാവേ! എനിക്ക് മൂന്ന് അടി സ്ഥലം തരണം; ഇരുന്നു തപസ്സു ചെയ്യാനാണു്.

നിസ്സാരമായ ഈ അപേക്ഷ കേട്ട് മഹാബലി പറഞ്ഞു:—ഇത്ര ചെറിയ കാര്യമേ ചോദിക്കാനുള്ളോ?

വാമനൻ:—മഹാനായ അവിടുത്തേക്ക് എന്തും തരാൻ കഴിയും. എങ്കിലും എനിക്ക് ഇത്രയും മതി. ഇരുന്നു തപസ്സുചെയ്യണം, എന്നേ ആഗ്രഹമുള്ളു.

മഹാബലി:—എന്നാൽ ഇഷ്ടംപോലെ ആകട്ടെ.

മഹാബലി നീരും പൂവും വീഴ്ത്തി ദാനം ചെയ്യാൻ ഭാവിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ ഗുരുവായ ശുക്രൻ ഇങ്ങനെ അറിയിച്ചു:—

മഹാരാജാവേ! ഈ കുട്ടി ആരാണെന്നു മനസ്സിലായോ? മഹാവിഷ്ണുവിന്റെ അവതാരം ആണു്. ഇവിടെ വന്നിരിക്കുന്നതു് ദേവന്മാർക്കു ജയം നേടിക്കൊടുക്കാനാണു്. ഇദ്ദേഹത്തിനു് ദാനം ചെയ്യരുതു്. ദാനം ചെയ്താൽ ചതിവു പറ്റാൻ ഇടയാകും.

മഹാബലി:— കൊടുക്കാമെന്നു പറഞ്ഞതു് ഞാൻ കൊടുക്കാതിരിക്കയില്ല.

എന്നു പറഞ്ഞു് വാമൻന്റെ കൈയിൽ, ദാനം ചെയ്യാൻ വെള്ളം വീഴ്ത്തി. പെട്ടെന്നു് വാമനന്റെ ആകൃതി മാറി. അദ്ദേഹം ആകാശംമുട്ടെ വളർന്നു, ഒരു ചുവടുകൊണ്ടു് ഭൂമിയും കീഴിലുള്ള ലോകങ്ങളും അളന്നെടുത്തു. രണ്ടാമത്തെ ചുവടുകൊണ്ടു് മുകളിൽ ഉള്ള ലോകങ്ങളെയും അളന്നു. മൂന്നാമതു് അളക്കാൻ സ്ഥലം ഇല്ലാതായി. അപ്പോൾ വാമനൻ ബലിയോടു ചോദിച്ചു:-

മൂന്നാമത്തെ അടിക്കു സ്ഥലം എവിടെ?

മഹാബലി:—മൂന്നാമത്തെ അടി എന്റെ തലയിൽവച്ചു് അവിടുന്നു് എന്നെ അനുഗ്രഹിക്കണം.

മൂന്നു ലോകവും അടക്കിവാണ ആ ചക്രവർത്തി തലകുനിച്ചുനിന്നു. വാമനൻ ബലിയുടെ തലയിൽ പാദം വച്ചു. വാമനന്റെ അനുഗ്രഹത്തോടുകൂടി ബലി പാതാളത്തിലേയ്ക്കു താണു.

അന്നു തുടങ്ങി ഓണത്തിലൊരിക്കൽ മഹാബലി ഭൂലോകം കാണാൻ എഴുന്നെള്ളും എന്നു ജനങ്ങൾ വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ വരവു് ഓർത്താണു നാം ഓണം കൊണ്ടാടുന്നതു് എന്നു പറഞ്ഞുപോരുന്നു.

ചക്രവർത്തി എന്ന മേന്മ മഹാബലിക്കുണ്ടു്. എന്നാൽ സത്യം പാലിച്ചതുകൊണ്ടു് അദ്ദേഹത്തിനുണ്ടായ താഴ്മയാണു് അതിലും വലുതു്.

പാഠം 25

# ഓണം

ചിങ്ങം പിറന്നല്ലോ പൊന്നു ചിങ്ങം
ചിങ്ങം തിരുവോണമാസമല്ലോ. 2
എങ്ങും മലയാളദേശത്തിപ്പോൾ
പൊങ്ങും കുരവയും പാട്ടുകളും. 4
പൊന്നണി മുക്കുറ്റിപ്പൂവിരിഞ്ഞു
എങ്ങും നമുക്കത്തപ്പൂവിടേണം 6
രാവിലേ തന്നെ കുളിച്ചിടേണം
പൂവിടാൻ നേരം പുലർന്നുകൂടാ. 8
മാവേലി വന്നീടും മാസമല്ലോ
അവോളം മോടികൾ കൂട്ടിടേണം. 10
അത്തം തുടങ്ങിയാൽ പത്തു നാളേ-
യ്ക്കൊത്തുകളിച്ചു തകർത്തിടേണം. 12
പത്തു കളിക്കണം തുമ്പി തുള്ളൽ
ചന്തത്തിൽ വേണം കുരടിയാട്ടം. 14
ഊഞ്ഞാലിലാടണം പാടിടേണം
മഞ്ഞപ്പുട വയുടുത്തിടേണം. 16
എങ്ങുമഴലിൻ നിഴലുപോലും
തങ്ങാത്ത പൊന്നോണക്കാലമല്ലോ. 18

മാവേലി വാണൊരു കാലത്തെപ്പോൽ
ആമോദമെങ്ങുമിയന്നിടേണം.
പൊന്നോണം തിരുവോണനാൾ പിറന്നാൽ
അന്നല്ലോരാനന്ദം ചൊന്നിടാമോ?
ചിങ്ങം പിറന്നല്ലോ പൊന്നോണം
ചങ്ങാതിമാരേ! വരിൻ കളിക്കാം.

---

പാഠം 26

## ആർക്കും നന്മനേടാം

സയാം എന്നൊരു ചെറിയ രാജ്യം ഉണ്ട്. അവിടെ ഒരു ഗ്രാമത്തിലാണ് ചിയാങ് പിറന്നത്. അവൻ മുടന്തനായിരുന്നു. അവന്റെ അമ്മയും അച്ഛനും വളരെ ദുഃഖിതരായിരുന്നു.

തന്റെ ഗൃഹത്തിലിരുന്ന്, ബാല്യത്തിൽ ചിയാങ് എഴുതാനും വായിക്കാനും പഠിച്ചു. തനിയേ നടക്കാനുള്ള കഴിവ് അവനുണ്ടായിരുന്നില്ല. തന്റെ നാടിനുവേണ്ടി എന്തെങ്കിലും ചെയ്യണമെന്ന് അവനു തോന്നി. എന്നാൽ ഒരു മുടന്തന് എന്താണു ചെയ്യുവാൻ കഴിയുന്നത്?

അയൽക്കാരനായ ഒരു ബാലൻ അച്ഛനെ സഹായിക്കാൻ വയലിലേയ്ക്കു പോകുന്നതു ചിയാങ് കണ്ടു. ചിയാങ്ങിന്റെ അച്ഛനും കൃഷിക്കാരനായിരുന്നു.

# കേരള മലയാളപാഠാവലി

H.S. 2031

KOTTAYAM
KERALA STATE

പുസ്തകം 2

H-S. 2031

# കേരള
# മലയാള പാഠാവലി

## പുസ്തകം ൨

KOTTAYAM
KERALA STATE

ഗവണ്മെൻറിൽനിന്നും നിയമിച്ച കമ്മിറ്റി
തയ്യാറാക്കിയത്

വില: 40 നയാപൈസ.

1959

പാഠം ൨൨

# മഹാബലി

ദേവന്മാരെന്നും അസുരന്മാരെന്നും രണ്ടു വർഗ്ഗക്കാർ ഉണ്ട്. അവർ തമ്മിൽ എപ്പോഴും കലഹവും യുദ്ധവുമാണ്. ദേവന്മാർ സ്വർഗ്ഗത്തിൽ താമസിക്കുന്നു; അസുരന്മാർ പാതാളത്തിലും. അങ്ങനെയാണ്, പണ്ടുള്ളവർ വിശ്വസിച്ചുപോന്നതു്.

ഒരിക്കൽ അസുരന്മാരുടെ നായകൻ മഹാബലി എന്നൊരു മഹാശക്തൻ ആയിരുന്നു. ആ അസുരചക്രവർത്തി ദേവന്മാരെ തോല്പിച്ചു; മൂന്നു ലോകവും കീഴടക്കി. ബലിക്കു സ്വർഗ്ഗത്തേക്കാളും പാതാളത്തേക്കാളും നല്ലതായിട്ടു തോന്നിയതു ഭൂമിയാണ്. അല്ലെങ്കിൽ, മഹാബലിയുടെ രാജധാനി പുണ്യഭൂമിയായ ഭാരതത്തിൽ ആകുമായിരുന്നില്ലല്ലൊ. നമ്മുടെ നാടു് അത്ര മനോഹരം ആയിരുന്നു.

മഹാബലിയുടെ ഭരണകാലത്തു മനുഷ്യർക്കു നല്ല സുഖമായിരുന്നു. അസുരന്മാരുടെയും സുരന്മാരുടെയും കാര്യം അറിഞ്ഞുകൂടാ.

സത്യമേ ഉള്ളൂ; അസത്യമില്ല. സമ്പത്തേ ഉള്ളൂ; ദാരിദ്ര്യമില്ല. ആരോഗ്യമേ ഉള്ളൂ; അനാരോഗ്യമില്ല. സുഖമേ ഉള്ളൂ; ദുഃഖമില്ല. ജനങ്ങൾക്കു മഹാബലിയോട് എന്തെന്നില്ലാത്ത സ്നേഹവും ഭക്തിയും നന്ദിയും തോന്നി. അതിൽ അത്ഭുതപ്പെടാനുണ്ടോ ?

ഇന്ത്യയിൽ നർമ്മദ എന്നൊരു പുണ്യനദി ഉണ്ട്. മഹാബലി ഒരിക്കൽ ആ നദിയുടെ തീരത്തു് ഒരു യാഗം നടത്തി. യാഗത്തിൽ വലിയ ദാനങ്ങളും ഉണ്ടായിരുന്നു. അർഹതയുള്ള ആളുകൾ ആഗ്രഹിക്കുന്നതൊക്കെ മഹാബലി ദാനം ചെയ്തു.

ദാനം വാങ്ങാൻ ചെന്നവരുടെ കൂട്ടത്തിൽ പൊക്കം കുറഞ്ഞ ഒരു ബ്രാഹ്മണക്കുട്ടി ഉണ്ടായിരുന്നു. വാമനൻ എന്നായിരുന്നു പേരു്. ആ ബാലന്റെ തേജസ്സും സൗന്ദര്യവും കാണികളെ അത്ഭുതപ്പെടുത്തി. വിനയവും മുഖശോഭയും കണ്ടപ്പോൾ മഹാബലിക്കും കൗതുകം തോന്നി. ആ ബ്രാഹ്മണബാലനെ വേണ്ടപോലെ പൂജിച്ചതിനുശേഷം അസുരചക്രവർത്തി പറഞ്ഞു: 'അങ്ങേയ്ക്ക് എന്താണു വേണ്ടതു് ? എന്തു ചോദിച്ചാലും ഞാൻ അതു സന്തോഷപൂർവ്വം ദാനം ചെയ്യാം.'

വാമനൻ:—പ്രഭോ, എനിക്കു മൂന്നടി മണ്ണു തരണം. എനിക്ക് ഇങ്ങനെ തപസ്സു ചെയ്യാനാണ്.

മഹാബലി:—മൂന്നടി മണ്ണുമാത്രമോ! എന്തു വേണമെങ്കിലും ചോദിച്ചുകൊള്ളു. സംശയിക്കേണ്ട.

വാമനൻ:—മൂന്നടി മണ്ണുകൊണ്ടു് എനിക്കു തൃപ്തി വരില്ലെങ്കിൽ, മൂന്നു ലോകംകൊണ്ടും അതുണ്ടാവുകയില്ല. എനിക്കു മൂന്നടി നിലമേ വേണ്ടു. വേണ്ടതിൽ അധികം ഞാൻ എന്തിനാണ് വാങ്ങുന്നതു്?

മഹാബലിക്കു കുട്ടിയുടെ വാക്കു കേട്ടിട്ടു വിസ്മയം തോന്നി. അസുരഗുരുവായ ശുക്രനും അത്ഭുതപ്പെട്ടു നില്ക്കുകയായിരുന്നു. ആചാര്യൻ ചക്രവർത്തിയുടെ ചെവിയിൽ മന്ത്രിച്ചു: "ഈ കുട്ടി മഹാവിഷ്ണുവാണ്; ദേവന്മാർക്കു വേണ്ടി വന്നിരിക്കയാണ്. ചതിക്കും; ദാനം ചെയ്യരുതു്."

മഹാബലി സത്യവാനാണ്. കൊടുക്കാമെന്നു പറഞ്ഞുകഴിഞ്ഞു. ഇനി ആ പ്രതിജ്ഞ എങ്ങനെ ലംഘിക്കും? തന്റെ സാമ്രാജ്യത്തെക്കാളും അദ്ദേഹത്തിനു വിലയേറിയതു സത്യമാണ്. ആചാര്യന്റെ ഉപദേശം ധർമ്മത്തിനു

എതിരായിരുന്നു. അതുകൊണ്ടു ചക്രവർത്തി അനുസരിച്ചില്ല. ദാനം ചെയ്യുന്ന ആൾ ദാനം വാങ്ങുന്ന ആളിന്റെ കൈയിൽ ആദ്യം ജലം പകരണം. ബലി ആ കർമ്മം ആചരിച്ചു. മുന്നടി മണ്ണ് അളന്നെടുക്കാൻ അപേക്ഷിക്കയും ചെയ്തു.

പെട്ടെന്നു വാമനന്റെ രൂപം മാറി. ലോകം നിറഞ്ഞു കവിഞ്ഞ ഈശ്വരന്റെ ചൈതന്യം മഹാബലി കണ്ടു. ഒരു ചുവട് കൊണ്ടു ഭൂമിയും പാതാളവും വാമനൻ

അളന്നു; ഒരു മുവടായിട്ടു സ്വർഗ്ഗവും കീഴ്പ്പെടുത്തി; എന്നിട്ടു ചോദിച്ചു: "മൂന്നാമത്തെ അടിക്ക് ഇടമെവിടെ?"

മഹാബലി തലകുനിച്ചുകൊണ്ടു പറഞ്ഞു: 'ഇവിടെ'. വാമനൻ ബലിയുടെ തലയിൽ പാദം വച്ചു. ബലി, ആ ദേവന്റെ അനുഗ്രഹത്തോടെ പാതാളത്തിലേയ്ക്കു താഴുകയും ചെയ്തു.

മഹാബലി നല്ല രാജാവു് ആയിരുന്നു. എങ്കിലും അല്പം അഹങ്കാരം ഉണ്ടായിരുന്നു, അദ്ദേഹത്തിനു്. തന്നെപ്പോലെ സമ്പന്നനും ദാനശീലനും ശക്തനും ആയിട്ടു് ആരുമില്ല, എന്നു ബലി വിചാരിച്ചിരുന്നു. ഇല്ലെങ്കിൽ, ദേവന്മാർ ശ്രമിച്ചാലും ആ ചക്രവർത്തിക്കു് ഒന്നും പറവുമായിരുന്നില്ല. തന്റെ നന്മയേയും മേന്മയേയും കുറിച്ചു് അയ്ക്കും ഗർവ്വും തോന്നിരുന്നു.

മഹാബലിയെ ആരും മറക്കില്ല. കേരളത്തിലുള്ള ആളുകൾ ആ നല്ല ചക്രവർത്തിയുടെ ഓർമ്മയ്ക്കുവേണ്ടി ആണ്ടുതോറും ഓണം കൊണ്ടാടുന്നു. ചിങ്ങമാസത്തിലെ തിരുവോണത്തിൻനാൾ മഹാബലി ഈ നാടു കാണാൻ വരുമത്രെ.

4.5.6

2018

# കേരള പാഠാവലി

## മലയാളം

സ്റ്റാൻഡേർഡ് 8

H.S.6
2018

# കേരള പാഠാവലി

## മലയാളം

GOVT. HIGH SCHOOL
Date.....
KOTTAYAM

## സ്റ്റാൻഡേർഡ് 8

Price – Re. 1
വില: 80 നയാ പൈസ.

1962

# അനുക്രമണിക


പേജ്

1. തിരുവോണം — 1
—എൻ. ഗോപാലപിള്ള
2. ജന്തുക്കൾ കുട്ടികളെ വളർത്തുന്ന വിധങ്ങൾ 7
—സാഹിത്യപഞ്ചാനനൻ
പി. കെ. നാരായണപിള്ള
3. വിശ്രമവേളയിലെ വിനോദപ്രവൃത്തികൾ 16
—കെ. പി. കേശവമേനോൻ
4. സ്വതന്ത്രഗ്രാഹിയന്ത്രത്തിന്റെ തിരപ്പുറപ്പാട് 23
—എം. ബാലരാമമേനോൻ
5. ഒരു സിംഹവേട്ട ... 33
—സി. അന്തപ്പായി
6. ശാന്തിനികേതനം ... 41
—എ. എം. പി.
7. ജീവികളും അവയുടെ പരിസരങ്ങളും ... 50
—ഡാക്ടർ കെ. ഭാസ്കരൻനായർ
8. എവറസ്റ്റാരോഹണം ... 58
—വി. വി. മേനോൻ
9. എന്റെ മകൻ ... 64
—പി. സി. കുട്ടിക്കൃഷ്ണൻ
10. ദില്ലിയിലെ ചുവന്ന കോട്ട ... 76
—എസ്സ്. കെ. പൊറെക്കാട്ട്
11. പൂക്കൾ ... 83
—ശൂരനാട്ട കുഞ്ഞൻപിള്ള
12. പഞ്ചവൻ കാട്ടിൽ ... 91
—സി. വി. രാമൻപിള്ള
13. കേരളകാളിദാസൻ ... 98
—ഏ. ഡി. ഹരിശർമ്മ
14. ലങ്കയിൽനിന്നും അയോദ്ധ്യയിലേക്ക് ... 106
—പി. കെ. പരമേശ്വരൻ നായർ
15. തോന്ന്യാസ്സൽ കണ്ട കാഴ്ച ... 112
—ജോസഫ് മുണ്ടശ്ശേരി

പേജ്

16. ധമ്മപരീക്ഷകൾ ... 121
—കുട്ടിക്കൃഷ്ണമാരാർ

പദ്യം

17. സൗഗന്ധികപ്പൊയ്ക ... 127
—കുഞ്ചൻനമ്പ്യാർ
18. മഞ്ഞുകാലം ... 129
—ചെറുശ്ശേരി
19. അമ്മയും മകനും ... 131
—എഴുത്തച്ഛൻ
20. സൗഹൃദമാതൃക ... 133
—പൂന്താനം
21. കുചേലന്റെ യാത്ര ... 135
—രാമപുരത്തു വാര്യർ
22. മാതൃഭൂമിയോട് ... 138
—വള്ളത്തോൾ
23. നാട്ടിൻപുറത്തെ പ്രഭാതം ... 139
—കുറിപ്പുറത്തു കേശവൻനായർ
24. കാക്ക ... 141
—വൈലോപ്പിള്ളി ശ്രീധരമേനോൻ
25. അശ്രുധാര ... 143
—നാലാങ്കൽ
26. എന്റെ പിച്ചി ... 144
—മുതുകുളം പാർവ്വതിഅമ്മ
27. ഹൃദയസ്മിതം ... 146
—ഇടപ്പിള്ളി രാഘവൻപിള്ള
28. സന്ധ്യാംബരം ... 148
—വി. സി. ബാലകൃഷ്ണപ്പണിക്കർ
29. എന്റെ അമ്മ ... 150
—സി. എ. ജോസഫ്
30. പുരോഗതി ... 151
—ഉള്ളൂർ

2018

H·S·6·

പാഠം 1

# തിരുവോണം

മലയാളികളുടെ മഹോത്സവങ്ങളിൽ ഏറ്റവും പ്രധാനമാണു തിരുവോണം. ഏതു ഋതുവിലും വസന്തർത്തുവിന്റെ മനോഹാരിത കലർന്നു കേരളഭൂമിക്കു്, ഒരു പുതുമ പുരണ്ട പൂക്കാലഭംഗി കൈവരുന്ന കാലമാണു പൊന്നിൻചിങ്ങമാസം. തളിർത്തും പൂത്തും നിന്നാലയുന്ന ചെടികളും, ലതകളും, മരങ്ങളും കൊണ്ടു കേരളാന്തരീക്ഷം അന്നു ശബളാഭമാകും. പൊൻകതിർക്കുലകൾ കൊണ്ടു തല കുനിക്കുന്ന നെല്ലു നിറഞ്ഞ പാടങ്ങളിൽ നിന്നും കർഷകന്റെ അറ നിറഞ്ഞു സംതൃപ്തികൊണ്ടു് അകം നിറയുന്ന കാലമാണു് അതു്. ചൂടു കുറഞ്ഞ വെയിൽ തെളിയുന്ന പകലും, സുഖശീതളമായ രാത്രിയും, മന്ദമായി വീശുന്ന കുളിർകാറ്റും കൊണ്ടു സുന്ദരതരമായി പൂക്കളും കായ്കളും കനികളും കൊണ്ടു സുഭിക്ഷം തികഞ്ഞ ഇക്കാലം നമുക്കു് ഉത്സവകാലമായതിൽ അത്ഭുതത്തിനു് അവകാശമില്ല.

ഭാരതരാജ്യം ഒട്ടാകെ പണ്ടേയ്ക്കുപണ്ടേ കൊണ്ടാടാറുള്ളതാണു വസന്തോത്സവം. അല്ല, ലോകമൊട്ടുക്കുള്ള ജനസമുദായങ്ങൾ പ്രാചീനകാലം തുടങ്ങി ആചരിച്ചു വന്നിട്ടുള്ളതും ഇന്നും ആചരിക്കുന്നതുമാണു വസന്തോത്സവം. ഒരു പേരിൽ അല്ലെങ്കിൽ മറെറാരു പേരിൽ —ഒരു രൂപത്തിൽ അല്ലെങ്കിൽ മറെറാരു രൂപത്തിൽ. ഓരോ ഋതുവിനും അനുരൂപങ്ങളായ ചില ആചാരങ്ങളും ആഘോഷങ്ങളും, ഓരോ നാട്ടിലും നടപ്പുള്ളതാണു്. അഭിനവമായ "മേദിനീ" ഘോഷം പോലും പ്രാചീനമായ "മേദിനീ" ഘോഷത്തിന്റെ— വസന്തോത്സവത്തിന്റെ തുടർച്ച മാത്രമാണു്.

പ്രകൃതി അവളുടെ രൂപസൗഭാഗ്യംകൊണ്ടും, വിഭവസമൃദ്ധികൊണ്ടും മനുഷ്യന്റെ മനം മയക്കുന്ന ചില

കാലവിശേഷങ്ങൾ ഉണ്ടെന്നു സൂചിപ്പിക്കുകയാണ്. അങ്ങനെയുള്ള കാലങ്ങളിൽ ഏറ്റവും ആകർഷകമായ കാലം വസന്തകാലമാണ്. വാസന്തകാന്തിക്കു മകുടം ചാർത്തുന്നതു മധുമാസരാത്രിയിലെ മുഴുനിലാവാണ്. മലയാളനാട്ടിനു മധുമാസമായ ആവണിമാസത്തിലെ തിരുവോണം നാളിലാണല്ലോ മിക്കവാറും ചന്ദ്രനു പൂർണ്ണതികയുന്നതും. അങ്ങനെ ഏതുകൊണ്ടും സമുചിതമാണ് ഈ ആഘോഷമെന്നു വന്നുകൂടുന്നു.

നമ്മുടെ തിരുവോണത്തിന്റെ നിദാനം കുറിക്കുന്ന ചില ഐതിഹ്യങ്ങൾ പ്രസിദ്ധമാണല്ലോ. പണ്ടൊരു കാലം മലനാട്ടു വാണിരുന്ന മാവേലിത്തമ്പുരാൻ ആണ്ടിൽ ഒരിക്കൽ തന്റെ വാത്സല്യഭാജനങ്ങളായ പ്രജകളെ തൃക്കൺ പാക്കാൻ എഴുന്നള്ളുന്ന മഹനീയ സമ്പ്രദായമാണ് ഈ ഓണക്കാലമെന്നു പഴമക്കാർ പറഞ്ഞു് ഇളം പൈതങ്ങളെ വിശ്വസിപ്പിക്കാറുണ്ട് ഇന്നും.

"മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ.
ആമോദത്തോടെ വസിക്കുംകാലം
ആപത്തങ്ങാക്കുമൊട്ടില്ലതാനും.
കള്ളവുമില്ല ചതിയുമില്ല
എള്ളോളമില്ലപൊളിവചനം."

എന്നിങ്ങനെ സമത്വസുന്ദരവും, സൗഭാഗ്യസമൃദ്ധവുമായ ആ കഴിഞ്ഞുപോയ സുവർണ്ണകാലത്തെ വർണ്ണിച്ചു്, ആ സൗഭാഗ്യവിധാതാവായിരുന്ന തിരുമേനിയുടെ പുനരാഗമനത്തെ പ്രതീക്ഷിച്ചുള്ള എത്ര മോഹനസങ്കല്പങ്ങളാണ്, എത്ര ജനകീയകലാശ്രുപങ്ങളാണ് ഉദയം ചെയ്തിട്ടുള്ളതു്! പിമ്പോട്ടു തിരിഞ്ഞുനോക്കി പണ്ടെങ്ങാണ്ടു കഴിഞ്ഞുപോയെന്നു കരുതുന്ന കാമനീയകത്തെ ആസ്വദിക്കുകയും, അങ്ങനെയൊരു കാലം ഒന്നുകൂടി വന്നു ചേരാൻ ആശിക്കുകയും, ആശംസിക്കുകയും ചെയ്യുക മനുഷ്യമനസ്സിന്റെ മായാപ്രയോഗങ്ങളിൽപ്പെട്ടവയാണ്.

ഏതായാലും ഒന്നു തീച്ചയാണു്. മഹാനായ പ്രാചീന മലയാളിയുടെ മഹനീയമായ സങ്കല്പം സമതാസുന്ദരമായ ഒരു ഭൂതവും തത്തുല്യമായ ഭാവിയും ആണെന്നുള്ളതിനു സംശയമില്ല, അഭിനവങ്ങളായ സാമൂഹികാദർശങ്ങൾ രൂപം കൊള്ളുന്നതിനു് എത്രയോ കാലം മുമ്പു്!

ആരാണീ മാവേലി? പ്രഹ്ലാദന്റെ പൗത്രനായ മഹാബലിതന്നെ ആ അസുരചക്രവർത്തി. ത്രൈലോക്യം ജയിച്ചടക്കിയ അസുരചക്രവർത്തിയുടെ ആധിപത്യം അസഹ്യമായിത്തോന്നിയ ഇന്ദ്രൻ ഇമ്മാതിരി ഘട്ടങ്ങളിൽ സാധാരണ ചെയ്യാറുള്ളതുപോലെ മഹാവിഷ്ണുവിനെ ശരണം പ്രാപിക്കുന്നു. കശ്യപന്റെയും അദിതിയുടെയും പുത്രനായി, വാമനനായി (ഒരു മുണ്ടന്റെ രൂപത്തിൽ) വിഷ്ണു അവതരിക്കുന്നു. ഉദാരശീലനായ മഹാബലിയെ വാമനൻ ബ്രഹ്മചാരിവേഷത്തിൽ സമീപിച്ചു് മൂന്നടി ഭൂമി ദാനം വേണമെന്നു് അപേക്ഷിക്കുന്നു. നിഷ്കളങ്കനായ മഹാബലി നിർവ്വിശങ്കം സമ്മതം അരുളുന്നു. പെട്ടെന്നു വാമനൻ വളർന്നു രണ്ടു ചുവടുകൊണ്ടു ഭൂമിയും സ്വർഗ്ഗവും അളക്കുന്നു. മൂന്നാമത്തെ ചുവടു ദാതാവായ ബലിയുടെ ശിരസ്സിൽവെച്ചു പരമോദാരനായ പ്രതിജ്ഞാപാലകനെ പാതാളത്തിലേക്കു തള്ളിവിടുന്നു. അവിടെ നിന്നു ബലി പുറത്തുപോകാതിരിക്കാൻ വിഷ്ണു ഇന്നും കാവൽ കിടക്കുന്നതായാണു കഥ പോകുന്നതു്. കേരളീയർ ആ അസുരചക്രവർത്തിയെ സ്വന്തം പുരാതന ചക്രവർത്തിയായും, ആണ്ടിൽ ഒരിക്കൽ നാട്ടു കാണാൻ വിഷ്ണുവിനോടൊത്തു് എഴുന്നെള്ളുന്ന സ്വരാജ്യസ്നേഹിയായും സങ്കല്പിച്ചു് ആരാധിക്കുന്നു. വിഷ്ണുവിന്റെ എന്തു മഹത്ത്വമാണു് ഈ കഥകൊണ്ടു സിദ്ധമാകുന്നതെന്നു വ്യക്തമല്ല.

ഒരു ഉത്സവമെന്നോ ആഘോഷമെന്നോ ഉള്ള നിലയിൽ അല്ലെങ്കിലും ഒരു പവിത്രമായ അനുഷ്ഠാനത്തിനു ചേർന്ന വിശിഷ്ടദിവസമായി ശ്രാവണമാസത്തിലെ ശ്രവണദിവസം ആദരിക്കപ്പെട്ടിരുന്നുവെന്നു തീച്ചയാണു്.

ഓണാഘോഷം സാധാരണമായി ചിങ്ങമാസത്തിലെ അത്തം മുതല്ലാണ്. ഇന്നും കേരളത്തിന്റെ നാനാ ഭാഗങ്ങളിലും നാട്ടിൻപുറങ്ങളിൽ വിശേഷിച്ചും വെളുക്കുംമുമ്പു കുളികഴിഞ്ഞു കുട്ടികൾ കൂടിച്ചു കൂത്താടി പുറപ്പെട്ടകയായി, അത്തം നാൾതൊട്ട പൂക്കൾ പറിക്കാൻ. അടിച്ചുവാരി വെടിപ്പാക്കി ചാണകം മെഴുകിയ മുറ്റത്തു വിചിത്രവർണ്ണങ്ങളിലുള്ള പുഷ്പങ്ങൾ കൊണ്ടു വൃത്താകൃതിയിലുള്ള ശില്പരചനയായി അടുത്ത പടി. അത്തം മുതൽ പൂവിടുന്നതു മാവേലിത്തമ്പുരാനെ പൂജിച്ചു സൽക്കരിക്കാനാണെന്നാണു സങ്കല്പം. മാവേലിയുടെ അടുത്തുതന്നെ തൃക്കാക്കര അപ്പനെയും മണ്ണുമെനഞ്ഞു പ്രതിഷ്ഠിച്ചു പൂജിക്കുന്നുണ്ട്. വാമനനായി അവതരിച്ച വിഷ്ണു തന്നെയാണു തൃക്കാക്കര അപ്പൻ. ആലുവാപ്പുഴ അടുത്തുള്ള തൃക്കാക്കരക്ഷേത്രത്തിലെ പ്രതിഷ്ഠയാണല്ലോ വാമനമൂർത്തി. പെരുമാക്കന്മാരുടെ പ്രതാപകാലത്തു തൃക്കാക്കര അമ്പലത്തിൽ ഓണം സംബന്ധിച്ചു് ഇരുപത്തെട്ടു ദിവസത്തെ ഉത്സവം ഉണ്ടായിരുന്നുവെന്നാണു് ഐതിഹ്യം. ആ ഉത്സവത്തിനു കേരളത്തിലെ നാട്ടുവാഴികൾ എല്ലാം, പരിവാരസമേതം എഴുന്നള്ളിയിരുന്നുവത്രെ. ഉത്സവത്തിൽ പങ്കുകൊള്ളാനുള്ള പുറപ്പാടാണു പണ്ടത്തെ ചിട്ട അനുസരിച്ചു് ഇന്നും അത്തച്ചമയം എന്ന പേരിൽ കൊച്ചിത്തമ്പുരാനും, കോഴിക്കോട്ടു സാമൂതിരിയും ആഘോഷിച്ചുവരുന്നതു്.

പണ്ടു കേരളത്തിൽ പലയിടത്തും ഓണത്തിനും, അവിട്ടത്തിനും വിപുലമായ തോതിലുള്ള ചേരിപ്പോർ ഓണാഘോഷത്തിന്റെ ഒരു പ്രധാന ചടങ്ങായി നടന്നിരുന്നുവെന്നു വൈദേശിക സഞ്ചാരികളുടെ പ്രസ്താവനകളിൽനിന്നും ചില പഴയ കൃതികളിൽനിന്നും തെളിയുന്നുണ്ട്.

വലിയ പടയുടെ മട്ടിൽ അല്ലെങ്കിലും ചേരി തിരിഞ്ഞുള്ള മത്സരങ്ങളും കളിപ്പോരുകളും ഇന്നും പലയിടത്തും നടക്കുന്നുണ്ട്. അമ്പലപ്പുഴ വേലകളി മുതലായവ ഈ ചടങ്ങിനെ അനുസ്മരിപ്പിക്കുന്നവയാണല്ലോ.

കൂളിയും തേവാരവും കഴിഞ്ഞു് ഓണപ്പൂടവ അണിഞ്ഞു്, പാല്പായസം വരെയുള്ള വിഭവങ്ങൾ കലർന്ന സദ്യയും ഉണ്ടു്, കുരവയും, കൂത്തും, ആട്ടവും, പാട്ടും, കളിയും, ചേരിപ്പോരും നടത്തുന്ന തിരുവോണാഘോഷത്തിന്റെ ചടങ്ങുകൾക്കു കുറഞ്ഞതു രണ്ടായിരം സംവത്സരത്തിന്റെ പഴക്കമുണ്ടെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. മലനാട്ടിൽ മാത്രമല്ല, പണ്ടത്തെ പാണ്ടിനാട്ടിലും ഈ ആഘോഷങ്ങൾ ഇതേ രീതിയിൽ നടന്നുവന്നതായി പ്രാചീന തമിഴു് സാഹിത്യത്തിൽനിന്നും തെളിയുന്നുണ്ടു്. ക്രിസ്താബ്ദം രണ്ടാം ശതകത്തിൽ ജീവിച്ചിരുന്ന മാംകുടി മരുതനാർ എഴുതിയ 'മധുരൈക്കാഞ്ചി' എന്ന കൃതിയിൽനിന്നും അക്കാലത്തു മധുരാനഗരത്തിൽ ഓണം ആഘോഷിച്ചിരുന്നുവെന്നു വെളിവാകുന്നു. മാത്രമല്ല, നല്ലൊരു ചേരിപ്പോരും അവിടെ വണ്ണിക്കുന്നുണ്ടു്.

ഓണപ്പൂടവയായി കാരണവന്മാർ സാധാരണമായി സമ്മാനിക്കുന്നതു മഞ്ഞമുണ്ടാണെന്നും, എന്നാൽ, തെക്കൻ തിരുവിതാംകൂറിൽ നീലപ്പൂടവയും പതിവുണ്ടെന്നും പത്മനാഭമേനോൻ പ്രസ്താവിക്കുന്നു. മധുരൈക്കാഞ്ചിയിലും 'ഹരിക്ഷമാസ സമരോത്സവം' എന്ന പഴയ പാട്ടിലും നീലപ്പൂടവ അണിയുന്നതു വണ്ണിച്ചു കാണുന്നു.

ഏതായാലും അതിപ്രാചീനമായ ഒരു ആഘോഷമാണു തിരുവോണം എന്നുള്ളതിനു തർക്കമില്ല. ഈ മാതിരി ഋതുത്സവങ്ങൾ ഗ്രീസിലും, റോമിലും അതിപുരാതന കാലത്തു് ഏതാണ്ടു് ഈ വിധത്തിലുള്ള ചടങ്ങുകളോടുകൂടി കൊണ്ടാടിയിരുന്നുവെന്നതു ചരിത്രസമ്മതമായ വസ്തുതയാണു്. പുരാതന ഗ്രീക്കുകാരുടെയും റോമാക്കാരുടെയും മൈറികാലിയാ, ജൂവനേലിയാ, എന്ന രണ്ടു് ഉത്സവങ്ങളും ഈ മാതിരി ചടങ്ങുകളോടുകൂടിയവയായിരുന്നുവെന്നു ഫ്രാബാർ തലോമിയോ പ്രസ്താവിക്കുന്നു. പുതിയ മതങ്ങളുടെ ആവിർഭാവത്തോടുകൂടി ആ ആഘോഷങ്ങളെല്ലാം അന്യദേശങ്ങളിൽ അസ്തമിച്ചു കഴിഞ്ഞു. മൊട്ടകിടക്കുന്ന പാണ്ടിനാട്ടിൽപോലും പണ്ടു് ഉണ്ടായിരുന്നുവെന്നു കേട്ടാൽ വിശ്വസിക്കാത്തമട്ടിൽ മറഞ്ഞുകഴിഞ്ഞു

ആ ഉത്സവമെല്ലാം. മറക്കാനാവാത്ത ഏതോ ഒരു മഹാനുഭവത്തിന്റെ മധുരിമകൊണ്ട മലയാളികൾ ഇന്നും ആഘോഷിക്കുകയാണു തിരുവോണം. മതാനുഷ്ഠാനങ്ങളുടെ സ്വരൂപം മാറി പുതിയ മതങ്ങളും പുതിയ ആചാരങ്ങളും വിശ്വാസങ്ങളും വന്നു കയറി ഈ ഉത്സവമെല്ലാം പുലർത്തിയിരുന്ന പ്രതാപം പുണ്ട സ്ഥാനങ്ങൾ മങ്ങി മറയുകയായി. എന്നാലും ഇന്നും വീണ്ടും പുതിയ ഒരു ഉന്മേഷത്തോടും ആവേശത്തോടും, ആശയോടും, പ്രതീക്ഷയോടും കൂടി ആഘോഷിക്കുകയാണു നാം തിരുവോണം.

മാനുഷർ എല്ലാരുമൊന്നുപോലെ
ആമോദത്തോടെ വസിക്കുന്ന

ആ മഹനീയമായ നല്ല നാളിനെ നമുക്കു ഹൃദയപൂർവ്വം സ്വാഗതം ചെയ്യാം.

കല്പനാശില്പം ] [എൻ. ഗോപാലപിള്ള.

## അഭ്യാസം

1. തിരുവോണത്തിന്റെ നിദാനം കുറിക്കുന്ന ഐതിഹ്യം വിവരിക്കുക.
2. പണ്ടു പാണ്ടിനാട്ടിലും തിരുവോണം ആഘോഷിച്ചിരുന്നുവെന്നുള്ളതിനു് എന്താണു് തെളിവു്?
3. താഴെക്കൊടുത്തിട്ടുള്ളവയെപ്പറ്റി ഓരോ ഖണ്ഡിക എഴുതുക :—
   (i) ചിങ്ങമാസത്തിലെ പ്രകൃതിവിലാസം.
   (ii) അത്തച്ചമയം.
4. കുറിപ്പെഴുതുക :—
   മധുരൈക്കാഞ്ചി; ഫാല്ഗുനമാസസമാരോത്സവം.
5. ഓണാഘോഷത്തെപ്പറ്റി ഉപന്യസിക്കുക.
6. കവർഗ്ഗത്തിലെ മൂളു, ചവർഗ്ഗത്തിലെ ഘോഷം, പവർഗ്ഗത്തിലെ അനുനാസികം ഇവ ഉദാഹരിക്കുക.
7. ഫകാരത്തിനു വ്യാകരണത്തിൽ പറയുന്ന പേരെന്തു്?
8. വിസർഗ്ഗവും അനുസ്വാരവും ഉദാഹരിക്കാൻ ഈരണ്ടു വാക്കെഴുതുക.

441
4663
4663

# കേരള പാഠാവലി

## മലയാളം

സ്റ്റാൻഡേർഡ് 6

1963

Std VI D

~~2 പുസ്തകം~~ C-1963-61.

# കേരള പാഠാവലി

## (മലയാളം)

സ്റ്റാൻഡേർഡ് 6.

ഗവണ്മെൻറിൽനിന്നും നിയമിച്ച കമ്മിറ്റി
തയ്യാറാക്കിയതു്.

വില: 90 nP.

1963

# പാഠവിവരം


| പാഠം | | പേജ് |
|---|---|---|
| 1 | കേരളം (പദ്യം) | 1 |
| 2 | തിരുവോണം | 3 |
| 3 | മലമ്പനിയോട് പടവെട്ടിയ വീരൻ | 9 |
| 4 | വനഭോജനം (പദ്യം) | 13 |
| 5 | കുങ്കുമകിന്റെ കഥ. | 15 |
| 6 | ഒരു പാവനസ്മരണ | 20 |
| 7 | വിദ്യ (പദ്യം) | 24 |
| 8 | തേനീച്ചക്കൂട് | 26 |
| 9 | എന്റെ കപ്പൽ (പദ്യം) | 31 |
| 10 | എഴുത്ത് | 33 |
| 11 | നളനും ദമയന്തിയും I | 38 |
| 12 | വനയാത്ര | 44 |
| 13 | നളനും ദമയന്തിയും II | 46 |
| 14 | വളവും വിളയും (പദ്യം) | 51 |
| 15 | ആഫ്രിക്കയിലെ ഗോറില്ലകൾ | 53 |
| 16 | മാതൃ (പദ്യം) | 57 |
| 17 | ഭീഷ്മർ | 59 |
| 18 | ജെറ്റ് വിമാനം | 68 |
| 19 | ഉപായത്തിൽ അപായം (പദ്യം) | 74 |
| 20 | കുഞ്ഞാലി മരയ്ക്കാർ | 76 |
| 21 | പിനാംഗിൽ ഒരു സായാഹ്നം | 81 |
| 22 | ചെറിയവ് (പദ്യം) | 85 |
| 23 | നല്ല അയൽക്കാരൻ | 87 |
| 24 | ഒരു കിനാവ് | 90 |
| 25 | മാടപ്പിറാവ് (പദ്യം) | 96 |
| 26 | ഹിജ്റ | 97 |
| 27 | മഹാകവി കുമാരനാശാൻ | 101 |
| 28 | ശൈശവം (പദ്യം) | 107 |
| 29 | യശോധര | 108 |
| 30 | സ്വാമി വിവേകാനന്ദൻ | 115 |
| 31 | കൈരളീനൃത്തം | 120 |
| 32 | കൂത്ത് | 121 |


MUNAVIRVL ISLAM HIGH SCHOOL
Date.....
ERNAKULAM.

പാഠം 2

# തിരുവോണം

ചിങ്ങമാസം പിറന്നു. തിരുവിതാംകൂറിലും കൊച്ചിയിലും പുതുവത്സരം ആരംഭിക്കുകയായി. മലബാറിൽ കന്നി പിറക്കുമ്പോഴാണ് നവവത്സരം. എന്നാൽ, ആവണിപ്പിറപ്പ് മലയാളികൾക്കെവർക്കും ആനന്ദിക്കാനുള്ള അവസരമാണ്.

ശരത്കാലാഗമം സൂചിപ്പിച്ചുകൊണ്ട് ആകാശത്തിൽ വെള്ളിമേഘങ്ങൾ അണിനിരക്കും. വായുവാകുന്ന വേളത്തേടൻ മേഘങ്ങളാകുന്ന വസ്തുക്കൾ ആകാശമാകുന്ന കല്ലിൽ കുത്തിത്തിരുമ്മുമ്പോൾ ചിതറുന്ന ജലകണങ്ങളാണെന്നു തോന്നു

മാറ്, അവിടവിടെ അപ്പപ്പോഴായി, അല്പം മഴയുണ്ടായേക്കാം. കൊയ്ത്തുകഴിഞ്ഞു കമനീയങ്ങളായ കറുകക്കളങ്ങളിൽ പാട്ടം ബഹളവുമാണ്. പുത്തരിച്ചോറും, ഓണനിലാവും, പൂത്തുനില്ക്കുന്ന പ്രകൃതിയും! കുട്ടികൾ ആഹ്ലാദം വെളിപ്പെടുത്തി: "പൊന്നോണം വന്നുപോയി."

മുറ്റത്തു കളം മെഴുകി പൂവിട്ടലങ്കരിക്കലാണ് ഓണത്തിന്റെ ഒന്നാമത്തെ ചടങ്ങ്. ബാലികാബാലന്മാർ പൂവട്ടികളും കഴുത്തിൽ തൂക്കി കാടും മേടും തേടിനടക്കുന്ന കാഴ്ച കേരളത്തിൽ എവിടെച്ചെന്നാലും കാണാം. ഊണും കാപ്പിയും ഉപേക്ഷിച്ചാലും, പൂക്കുടകളുടെ ഉദരം നിറച്ചല്ലാതെ കുട്ടികൾ വീട്ടിലേക്കു മടങ്ങുകയില്ല. പിറേറദിവസം പ്രഭാതത്തിലാണ് ഈ പുഷ്പങ്ങൾ മുറ്റത്തുള്ള പൂക്കളത്തിൽ എത്തുന്നതു്. പൂക്കളം അലങ്കരിക്കുന്നതിൽ വീടുകൾ തമ്മിൽ ഹൃദ്യമായൊരു മത്സരം തന്നെ നടക്കും. കമലത്തിന്റെ വീട്ടിൽ പത്തുവരിപ്പൂവിട്ടിട്ടുണ്ടെങ്കിൽ, മീനാക്ഷി പതിനൊന്നൊപ്പിക്കും. ദേവകി വരിയുടെ എണ്ണത്തിലായിരിക്കില്ലാ, പൂക്കൾകൊണ്ടുള്ള ചിത്രീകരണത്തിലായിരിക്കും കൂടുതൽ ശ്രദ്ധിക്കുക. ദുർല്ലഭമായ താമരപ്പൂ കൊണ്ടുവന്നു് ഒരുവരിയൊപ്പിച്ചു് രാമചന്ദ്രൻ ഈ പെൺകുട്ടികളെ ഇളിഭ്യരാക്കും. ഇങ്ങനെ പുഷ്പചിത്രങ്ങൾ രചിക്കുന്നതിലുള്ള മത്സരം ഉൽക്കർഷോന്മുഖമായ ജീവിതയാത്രയിലേക്കുള്ള പ്രാരംഭമാണു്.

തൂക്കാക്കരയപ്പനു് എഴുന്നള്ളിയിരിക്കാനുള്ള പുഷ്പാസനമാണു് ഈ കുട്ടികൾ ഇത്ര വാശിപിടിച്ചു് സജ്ജമാക്കുന്നതു്. ദേവനെ പ്രതിഷ്ഠിച്ചാൽ പിന്നെ പൂവിടൽ നിർത്തിവയ്ക്കും. അത്തം മുതൽക്കാരംഭിച്ച പൂവിടൽ ഉത്രാടം കഴിയുന്നതുവരെ തുടരും. തിരുവോണത്തിന്നാൾ അതിരാവിലെ, മെഴുകിയ കളത്തിൽ പലകയിട്ടു് അരിമാവുകൊണ്ടണിഞ്ഞു് അതിന്മേൽ ഒരു നാക്കില കിഴക്കോട്ടു തിരിച്ചുവയ്ക്കും. ചില സ്ഥലങ്ങളിൽ

മൂലത്തുന്നാൾതന്നെ ഇതു നടത്തും. നാക്കിലയും അരിമാവു കൊണ്ടണിഞ്ഞു് അതിൽ തൃക്കാക്കരയപ്പനെ പ്രതിഷ്ഠിക്കും. മണ്ണുകൊണ്ടോ, മരംകൊണ്ടോ ഉണ്ടാക്കിയ വിഗ്രഹങ്ങളാണു് പ്രതിഷ്ഠിക്കുക. തൃക്കാക്കരയപ്പന്റെ ശിരസ്സിലും അരിമാവു് അണിയും. ഇങ്ങനെ അണിഞ്ഞ ആ വിഗ്രഹത്തിന്റെ മുടിയിലും ഓരങ്ങളിലും തുളസിപ്പൂവു്, തെച്ചിക്കുല, മല്ലികപ്പൂവു്, ചെമ്പരത്തിപ്പൂവു് മുതലായവ കുത്തി മോടിപിടിപ്പിക്കും. ഓണപ്പൂവു്, തുമ്പപ്പൂവു് ആദിയായവ മുടിയിൽ വിതറുകയും നാക്കിലയിൽ തുമ്പക്കുടം വിരിച്ചു് ഒരു മെത്തപോലെ, അലങ്കരിക്കുകയും ചെയ്യാറുണ്ടു്. മൂലത്തുന്നാൾ ആഘോഷമാരംഭിക്കുന്നവർ അന്നേദിവസം അടുത്തടുത്തു് രണ്ടു പലകപ്പുറത്തായി മൂന്നും രണ്ടും തൃക്കാക്കരയപ്പനെ വയ്ക്കും. പൂരാടത്തുന്നാൾ രണ്ടു സ്ഥലത്തായി ഏഴും, ഉത്രാടത്തുന്നാൾ ഒമ്പതും, തിരുവോണത്തുന്നാൾ മഹാബലിയടക്കം ഇരുപത്തൊന്നും വിഗ്രഹങ്ങളും പ്രതിഷ്ഠിക്കും.

തൃക്കാക്കരയപ്പനെ പ്രതിഷ്ഠിച്ചുകഴിഞ്ഞാൽ ദിവസം മൂന്നു നേരം–രാവിലേയും ഉച്ചയ്ക്കും രാത്രിയും–പൂജിക്കണമെന്നുണ്ടു്. വീട്ടിലെ പ്രായംചെന്ന പുരുഷന്മാരാരെങ്കിലുമാണു് പൂജിക്കുക. പഴവും, ശക്കരയും, 'പൂവട'യും, പാൽപ്പായസവും നിവേദ്യത്തിനൊരുക്കാറുണ്ടു്. തൃക്കാക്കരയപ്പനെ വച്ചു പൂജിക്കുമ്പോൾ ആപ്പുവിളിക്കുകയും പതിവാണു്. ഉള്ളിൽ തിങ്ങുന്ന ആഹ്ലാദത്തിന്റെ പ്രതിധ്വനിയാണു് ഈ ആപ്പുവിളി. നാലോണം കഴിയുന്നതുവരെ ദിവസത്തിൽ ഒരുനേരമെങ്കിലും പൂജിക്കും. നാലോണം കഴിഞ്ഞാൽ, ഒരു നല്ല ദിവസം നോക്കി, തൃക്കാക്കരയപ്പനെ എടുത്തു മാറും.

ഓണക്കാലത്തെ വാദ്യവിശേഷങ്ങളിൽ ഏറ്റവും പ്രധാനമാണു് വില്ലുകൊട്ടൽ. തൃക്കാക്കരയപ്പനെ വയ്ക്കുന്ന സമയത്തു് വില്ലു കൊട്ടുക പതിവാണു്. തൃക്കാക്കര ക്ഷേത്രത്തിലെ ഉത്സവത്തിനും വാദ്യങ്ങളുടെ കൂട്ടത്തിൽ വില്ലുകൊട്ടലുണ്ടത്രേ!

കുമ്മാട്ടിക്കളി, പുലിക്കളി തുടങ്ങി പല വിനോദങ്ങളും ഓണക്കാലത്ത് സംഘടിപ്പിക്കാറുണ്ട്. എന്നാൽ, ഇതെല്ലാം ആണുങ്ങൾക്കുള്ള വിനോദങ്ങളാണ്. സ്ത്രീകൾക്ക് കൈകൊട്ടിക്കളിയാണ് പ്രധാനം.

ഓണക്കാലത്ത് ആബാലവൃദ്ധം ജനങ്ങളും കളികളിൽ പങ്കുകൊള്ളാറുണ്ട്. പന്തുകളി, ആട്ടക്കളം, കയ്യാങ്കളി എന്നിവയ്ക്കുപുറമേ, പണ്ടൊക്കെ ഓണത്തല്ലും, പതിവായിരുന്നു. പകിട, കമ്പിത്തായം, ചതുരംഗം തുടങ്ങിയ വിനോദങ്ങളാണ് വൃദ്ധന്മാർക്കുള്ളത്.

'കാണം വിറ്റും ഓണം ഉണ്ണണം' എന്നൊരു പഴഞ്ചൊല്ലുണ്ട്. എത്ര പാവപ്പെട്ടവനായാലും ആണ്ടിലൊരിക്കൽ സദ്യവട്ടങ്ങളൊരുക്കി ആഹ്ലാദിച്ചു കഴിയുന്ന സന്ദർഭമാണ് ഓണം. മഹാബലി രാജ്യം വാണിരുന്ന കാലത്ത് കേരളത്തിൽ എല്ലാവർക്കും എന്നും കഷ്ടപ്പാടറിയാതെ സുഖമായി കഴിയാൻ സാധിച്ചിരുന്നുപോലും! ആ സ്വർഗ്ഗീയജീവിതം അയവിറക്കാനുള്ള അവസരമാണ് ഓണം. എത്ര കഷ്ടപ്പെട്ടിട്ടായാലും, ഉത്രാടം ദിവസം സന്ധ്യയാകുമ്പോഴേയ്ക്കും, ഓണത്തിനു വേണ്ടതൊക്കെ ഏവരും ഒരുക്കും. 'ഉത്രാടപ്പാച്ചിൽ' എന്ന ശൈലി ഈ കാരണത്താൽ, ബദ്ധപ്പെട്ടുള്ള അത്യദ്ധ്വാനത്തിന്റെ ഒരു പര്യായമായിത്തീർന്നിട്ടുണ്ട്. പരീക്ഷയുടെ തലേദിവസത്തെ പൊരിച്ചിൽപോലുള്ള ഒരു ബദ്ധപ്പാടാണ് ഉത്രാടപ്പാച്ചിൽ.

ഓണപ്പുടവ കൊടുക്കലും ഈ മഹോത്സവത്തിന്റെ ഒരു ചടങ്ങാണ്. തറവാട്ടിലെ തലമൂത്ത കാരണവർ വീട്ടിലെല്ലാവർക്കും കോടിമുണ്ടു സമ്മാനിക്കും. ഇതാണ് ഓണപ്പുടവ.

ഓണക്കുല വയ്ക്കുക എന്നും ഒരു ചടങ്ങുണ്ട്. ജന്മിയും കുടിയാനും തമ്മിലുള്ള സൗഹാർദ്ദബന്ധത്തിന്റെ ഒരു സൂചനയാണ് ഇതിലുള്ളത്. ജന്മിയുടെ നിലമോ, പറമ്പോ

പാട്ടത്തിനെടുത്തു് കൃഷിചെയ്യുന്നവനാണു് കുടിയാൻ. മണ്ണിന്റെ ഉടമസ്ഥൻ ജന്മിയും അതിൽ പ്രയത്നിക്കുന്നവൻ കുടിയാനുമാണു്. കുടിയാൻ ജന്മിക്കു് നേന്ത്രക്കുല കാഴ്ചവയ്ക്കും. ജന്മി അയാളെ ഓണസ്സദ്യയ്ക്കു ക്ഷണിക്കും. ഊണുകഴിഞ്ഞാൽ ഓണപ്പുടവയും കൊടുക്കും. ജന്മിയും കുടിയാനും തമ്മിലുള്ള ഈ സ്നേഹബന്ധം ഇന്നു് മിക്കവാറും അസ്തമിച്ചിരിക്കുന്നു.

കേരളത്തിൽ കുടിൽതൊട്ടു കൊട്ടാരംവരെ ആഘോഷിച്ചുവരുന്ന ഈ ദേശീയമഹോത്സവത്തിന്റെ ആഗമമെന്തു്? പണ്ടു് കേരളത്തിൽ മഹാബലി എന്നൊരു ചക്രവർത്തി വാണിരുന്നു. അദ്ദേഹത്തെ അസുരഗണത്തിൽപെട്ടതായിട്ടാണു് ആര്യന്മാർ കണക്കാക്കുന്നതു്. ചുരുക്കത്തിൽ, ഈ ആര്യന്മാരുടെ വർഗ്ഗത്തിലായിരുന്നില്ലെന്നുമാത്രം കരുതിയാൽമതി. മഹാബലി പ്രാപ്തനും, പ്രജാക്ഷേമതത്പരനുമായിരുന്നു. മൂന്നുലോകവും അദ്ദേഹം കീഴടക്കി. എല്ലാവർക്കും ക്ഷേമവും സമാധാനവും സിദ്ധിക്കത്തക്കവിധം രാജ്യം ഭരിച്ചു. കുചേലകുബേരഭേദങ്ങളൊന്നും അന്നത്തെ കേരളത്തിൽ കണ്ടിരുന്നില്ല.

മഹാബലിയുടെ ഈ പോക്കുകണ്ടു് ദേവന്മാർക്കു് അസൂയയും ആശങ്കയും തോന്നി. ഇന്ദ്രപദം കരസ്ഥമാക്കുമെന്നായിരുന്നു അവരുടെ ഭയം. ഈ സമ്പൽസമൃദ്ധിയും പ്രതാപവും നിമിത്തം മഹാബലി ഉദ്ധതനായിത്തീരുമെന്നായിരുന്നു ദേവനേതാവായ വിഷ്ണുവിന്റെ സംശയം. അതുകൊണ്ടു് വിഷ്ണു വാമനരൂപത്തിൽ വന്നു് മഹാബലിയോടു മൂന്നടി മണ്ണു യാചിച്ചു. ബലി അതു് അനുവദിച്ചു. വാമനൻ രണ്ടടികൊണ്ടു് മൂന്നു ലോകവും അളന്നു. മൂന്നാം ചുവടുകൊണ്ടു് മഹാബലിയെ പാതാളലോകത്തിലേക്കയയ്ക്കുകയും ചെയ്തു. എന്നാൽ, പ്രജാക്ഷേമൈകനിരതനായ ഈ ചക്രവർത്തിക്കു് ആണ്ടിലൊരിക്കൽ കേരളം സന്ദർശിക്കാൻ വാമനൻ അനുവാദം നൽകി. ഈ ദിവസത്തെ യാത്രയത്രേ കേരളീയർ ചിങ്ങമാസത്തിലെ തിരുവോണമായിട്ടാഘോഷിക്കുന്നതു്. പ്രശസ്തമായി

രാജ്യം ഭരിച്ച് പ്രജകൾക്ക് നിത്യമഹോത്സവം നല്കിയിരുന്ന ഒരു ചക്രവർത്തിയെ അനുസ്മരിച്ച് ആഘോഷങ്ങൾ നടത്താൻ കേരളത്തിൽ ആക്കാണ് കടപ്പാടില്ലാത്തത് ?

'ഓണം കേറാമൂല' എന്നൊരു ശൈലി നിങ്ങൾ കേട്ടിരിക്കും. യാതൊരു പരിഷ്കാരവും തീണ്ടീട്ടില്ലാത്ത സ്ഥലം എന്നാണ് ഇതിനു് അർത്ഥം. പരിഷ്കാരത്തിന്റെ ഒരു പൊട്ടെങ്കിലും കണ്ടിട്ടുള്ളവൻ ഓണം ആഘോഷിക്കാതിരിക്കയില്ല. കേരളത്തിൽ അത്രമാത്രം സാർവ്വത്രികമാണ് ഓണാഘോഷം. സുഖസമൃദ്ധമായ ഒരു ഭൂതകാലത്തിന്റെ സ്മരണക്കായിട്ടല്ലെങ്കിൽ മാതൃകാപരമായ ഒരു നല്ല നാളയെ ലക്ഷ്യമാക്കീട്ടെങ്കിലും നമുക്ക് ഓണം കൊണ്ടാടാം.

അഭ്യാസം

1. ആവണിപ്പിറപ്പ് മലയാളികളെല്ലാവർക്കും ആനന്ദിക്കാനുള്ള കാലമാണ്. (ആഖ്യയും ആഖ്യാതവും പറയുക.)
2. സകർമ്മകമോ അകർമ്മകമോ എന്നും, ഏതുകാലമാണെന്നും പരിശോധിക്കുക:—

   പിറന്നു; കാണാം; തുടരും; നടത്തും; അണിയും.
3. നാമവിശേഷണം, ക്രിയാവിശേഷണം, ഭേദകവിശേഷണം—ഇവയ്ക്ക് ഈ പാഠത്തിൽനിന്നു് ഈരണ്ടു് ഉദാഹരണംവീതം കണ്ടുപിടിക്കുക.
4. ലിംഗവചനങ്ങളും പറയുക:—

   മേഘങ്ങൾ; കുട്ടികൾ; ജന്മി. (ഒന്നിനെക്കുറിക്കുന്നതു് ഏകവചനം; ഒന്നിലധികം എണ്ണത്തെക്കുറിക്കുന്നതു് ബഹുവചനം.)
5. അന്യലിംഗം പറയുക:—

   പെൺകുട്ടി; വെളുത്തേടൻ; ഭേവൻ.
6. വാക്യത്തിൽ പ്രയോഗിക്കുക:—

   ആബാലവൃദ്ധം.
7. ഉത്രാടപ്പാച്ചിൽ, ഓണംകേറാമൂല എന്നീ ശൈലികളും മനസ്സിലാക്കുക.

# കേരളപാഠാവലി

## മലയാളം

TB/II/1971/400(M)

## സ്റ്റാന്റേർഡ് 2

TB|VII|1971|M|400 (M) TBLI II0002

# കേരള പാഠാവലി

## മലയാളം

## സ്റ്റാൻഡേർഡ് 2

വില: 65 പൈ

1971

പാഠം 25

# മഹാബലി

പണ്ട് മഹാബലി എന്നൊരു ചക്രവർത്തി ഉണ്ടായിരുന്നു. പല രാജാക്കന്മാരും അദ്ദേഹത്തെ വണങ്ങിയിരുന്നു. അതാണ് ചക്രവർത്തി എന്ന് പറയാൻ കാരണം. മഹാബലിയുടെ രാജ്യത്ത് എല്ലാവർക്കും സുഖമായിരുന്നു. സത്യമേ ഉള്ളൂ; അസത്യം ഇല്ല. സമ്പത്തേ ഉള്ളൂ; ദാരിദ്ര്യം ഇല്ല. ആരോഗ്യമേ ഉള്ളൂ; അനാരോഗ്യം ഇല്ല. സുഖമേ ഉള്ളൂ; ദുഃഖം ഇല്ല. ഇതിലപ്പുറം എന്തു വേണം?

ജനങ്ങൾ മഹാബലിയെ വളരെ ഇഷ്ടപ്പെട്ടു. എന്നാൽ, ദേവന്മാർ അദ്ദേഹത്തെ ഭയപ്പെട്ടു. സമ്പത്തും ശക്തിയും വർദ്ധിച്ചാൽ പലർക്കും അഹംഭാവം മുഴുക്കും. ഇതു പതിവാണ്. അഹംഭാവം മൂത്താൽ അഴിമതികൾ തുടങ്ങും. മഹാബലിയും അങ്ങനെ ആയിത്തീരില്ലേ? അതാണ് ദേവന്മാർ ഭയപ്പെട്ടത്.

ദേവന്മാർ മഹാവിഷ്ണുവിനെ ചെന്ന് കണ്ടു. മഹാബലിയുടെ അഹംഭാവം അടക്കണമെന്ന് അപേക്ഷിച്ചു. വിഷ്ണു അതു സമ്മതിച്ചു. ഒരു ബ്രാഹ്മണക്കുട്ടിയുടെ വേഷത്തിൽ വിഷ്ണു ബലിയുടെ അടുത്തുചെന്നു. വാമനൻ എന്നായിരുന്നു കുട്ടിക്ക് പേർ. ബലി വാമനനെ വേണ്ടവിധം ബഹുമാനിച്ചു. പിന്നെ അദ്ദേഹം ചോദിച്ചു: "അങ്ങേയ്ക്ക് എന്തുവേണം? എന്തായാലും ഞാൻ തരാം."

വാമനൻ :—"പ്രഭോ ! എനിക്കു് മൂന്നടി മണ്ണു് വേണം."

മഹാബലി :—"മൂന്നടി മണ്ണോ ? അതുകൊണ്ടു് എന്തു് സാധിക്കും ?"

വാമനൻ :—"ഈശ്വരനെ പ്രാർത്ഥിക്കാൻ ഒരു സ്ഥലത്തു് ഇരിക്കണം. ഇതുമേ എനിക്കു് ആവശ്യമുള്ളൂ."

ബലിയുടെ ഗുരുവായ ശുക്രമുനിക്കു് വാമനന്റെ ഉപായം മനസ്സിലായി. മഹർഷി ബലിയുടെ ചെവിയിൽ മന്ത്രിച്ചു: "ഈ കുട്ടി മഹാവിഷ്ണുവാണു്. ദേവന്മാർ പറഞ്ഞയച്ചിട്ടു് വന്നിരിക്കയാണു്. ചതി പറ്റും. സൂക്ഷിക്കണം."

മഹാബലി ഇതു കേട്ടു് ഇളകിയില്ല. എന്തും കൊടുക്കാമെന്നു് സത്യം ചെയ്തതല്ലേ ? എങ്ങനെ കൊടുക്കാതിരിക്കും ? മണ്ണു് അളന്നുകൊള്ളാൻ അദ്ദേഹം അനുവദിച്ചു.

പെട്ടെന്ന് വാമനന്റെ രൂപം മാറി. ഒരു ചുവട് കൊണ്ട് ഭൂമിയും പാതാളവും വാമനൻ അളന്നു. രണ്ടാമത്തെ ചുവടുകൊണ്ട് സ്വർഗ്ഗവും. എന്നിട്ട് ചോദിച്ചു: "ഇനി എവിടെ അളക്കും?"

മഹാബലി തല കുനിച്ചുകൊണ്ട് പറഞ്ഞു: "ഇവിടെ." വാമനൻ ബലിയുടെ തലയിൽ കാൽ വെച്ചു. അതോടെ ബലി പാതാളത്തിലേയ്ക്ക് താണു പോയി. എന്നാൽ, ബലി ഭാഗ്യവാനാണ്. വിഷ്ണുവിന്റെ പാദം തൊട്ടില്ലേ? ഇതിലധികം ഭാഗ്യം മറെറന്തുണ്ട്?

നാം മഹാബലിയെ ഇന്നും ബഹുമാനിക്കുന്നു. ആ ബഹുമാനത്തിന്റെ പേരിലാണ് ചിങ്ങമാസത്തിൽ ഓണം ആഘോഷിക്കുന്നത്.

അഭ്യാസം:—

1. വിപരീത പദങ്ങൾ ശുദ്ധിക്കുക:—

   സുഖം x ദുഃഖം. സത്യം x അസത്യം.

   സമ്പത്ത് x ദാരിദ്ര്യം. ആരോഗ്യം x അനാരോഗ്യം.

2. കേട്ടെഴുതുക:—

   ചക്രവർത്തി, ശക്തി, വിഷ്ണു, ശുക്രമുനി, ആഘോഷം.

3. ദേവന്മാർ മഹാബലിയെ ഭയപ്പെട്ടവാൻ കാരണമെന്ത്?

4. മഹാവിഷ്ണു മഹാബലിയെ അമർത്തിയതെങ്ങനെ?

61/9484—6a

ED
TBL2 V0001

# കേരള പാഠാവലി
## മലയാളം

S.C.E.R.T.

സ്റ്റാൻഡേർഡ് 5

TB/V/1973/400(M)

വില: രൂപ 1·20

1973

60/17

3. ശ്രീനാരായണന്റെ പ്രധാന സന്ദേശങ്ങൾ എന്തെല്ലാം?
4. അരുവിപ്പുറത്തെ ശിവപ്രതിഷ്ഠ അദ്ഭുതപൂർവ്വമെന്നു പറയാൻ എന്താണു കാരണം?
5. ശ്രീനാരായണ ധർമ്മപരിപാലനയോഗം എന്തിനാണുണ്ടാക്കിയത്?
6. എന്നു മാറാരാണ് ശ്രീനാരായണസന്ദേശങ്ങൾ കേരളത്തിൽ ഉണ്ടാക്കിയത്?
7. അരുവിപ്പുറം, ശിവഗിരി എന്നീ സ്ഥലങ്ങളെപ്പറ്റി നാലുവാക്യം വീതം എഴുതുക.
8. നാരായണഗുരു പല ക്ഷേത്രങ്ങളും നിർമ്മിക്കുകയും ജനങ്ങൾ അവിടെ ആരാധന നടത്തുകയും ചെയ്തു.

   ഈ വാക്യത്തിലെ ആഖ്യകളും ആഖ്യാതങ്ങളും ശ്രദ്ധിക്കുക. ഇതിലെ രണ്ടോ രണ്ടിലധികമുള്ള ആഖ്യയും ആഖ്യാതവും പ്രധാനമാണ്. അതിനാൽ രണ്ടോ അതിലധികമോ വിഭാഗവും ഒരു അംഗിവാക്യമാകുന്നു. ഇങ്ങനെ രണ്ടിലധികം അംഗിവാക്യങ്ങളുള്ള വാക്യത്തെ മഹാവാക്യം എന്നു പറയുന്നു. മഹാവാക്യത്തിനു മറ്റുദാഹരണങ്ങൾ പറയുക.

---

പാഠം 11

# ഓണക്കാലത്ത്

കേരളത്തിലെ എല്ലാ ജനങ്ങളും കൊണ്ടാടുന്ന ഒരു ആഘോഷമാണ് ചിങ്ങമാസത്തിലെ തിരുവോണം. നല്ല തെളിഞ്ഞ ആകാശം, വെളിച്ചംനിറഞ്ഞ പകൽ, നിലാവുപരന്ന രാത്രി, കൊയ്ത്തുകാലം കഴിഞ്ഞു നിറഞ്ഞ പത്തായങ്ങൾ, തൃപ്തിയും സന്തോഷവുമുള്ള ജനങ്ങൾ—ആകെക്കൂടി ഉൽസവത്തിന് ഉചിതമായ കാലവും ചുറ്റുപാടുകളും. അങ്ങനെ തിരുവോണം ആഘോഷിക്കുകയായി.

ഓണത്തിന്റെ ഉത്ഭവത്തെക്കുറിച്ച് പല കഥകളുമുണ്ട്. അതിലൊന്ന് മഹാബലിചക്രവർത്തിയെക്കുറിച്ചുള്ളതാണ്. കേരളം ഭരിച്ച ഒരു അസുരചക്രവർത്തിയായിരുന്നത്രേ മഹാബലി. പ്രജകളെ അദ്ദേഹം വളരെ സ്നേഹിച്ചിരുന്നു; ജനങ്ങൾ അദ്ദേഹത്തെയും.

മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ
ആമോദത്തോടെ വസിക്കും കാലം
ആപത്തങ്ങാർക്കുമൊട്ടില്ലതാനും.
കള്ളവുമില്ല ചതിവുമില്ല
എള്ളോളമില്ല പൊളിവചനം
കള്ളപ്പറയും ചെറുനാഴിയും
കള്ളത്തരങ്ങളും മറ്റൊന്നുമില്ല.

എന്തൊരു നല്ലകാലം! എല്ലാപേർക്കും ഒരുപോലെ ആമോദം, ആർക്കും അൽപവുമില്ല ആപത്ത്. സത്യധർമ്മങ്ങളെങ്ങും പുലരുന്നു. ജനങ്ങൾക്കു തമ്മിലാണെങ്കിൽ തികഞ്ഞ വിശ്വാസവും സ്നേഹവും. എത്ര നല്ല ഭരണത്തിന്റെ ചിത്രം!

എന്നാൽ അക്കാലമെല്ലാം അസ്തമിച്ചു. മഹാബലിയെ വാമനൻ പാതാളത്തിലേക്കു ചവുട്ടിത്താഴ്ത്തി. മഹാവിഷ്ണുവിന്റെ അവതാരമായിരുന്നു വാമനൻ. മഹാബലിയുടെ സൽഭരണംകണ്ട് അസൂയപ്പെട്ട ദേവന്മാർ, അദ്ദേഹം ദേവലോകം പിടിച്ചടക്കിക്കളയുമെന്ന് അമ്പരന്ന് വിഷ്ണുവിനോട് സഹായം അഭ്യർത്ഥിച്ചതിന്റെ ഫലമാണത്രേ വാമനാവതാരം. പൊക്കം കുറഞ്ഞ ഒരു വടുവിന്റെ രൂപത്തിൽ മഹാബലിയുടെമുമ്പിൽവന്ന് മൂന്നടി ഭൂമി യാചിച്ച മഹാവിഷ്ണു, തന്റെ അപേക്ഷ മഹാബലി സമ്മതിച്ച ഉടനെ വളർന്നു വലിയ രൂപംപൂണ്ട് ഒരു കാൽവച്ചു ഭൂമി അളന്നുകഴിഞ്ഞു! രണ്ടാമത്തെ കാൽവയ്പോടെ സ്വർഗവും തീർന്നു. മൂന്നാമത്തെ അടി വയ്ക്കാൻ സ്ഥലം കാണാത്ത വിഷ്ണുവിന് മഹാബലി കുനിഞ്ഞു തന്റെ തലതന്നെ കാണിച്ചുകൊടുത്തു. മഹാവിഷ്ണു കാലുവച്ചു; മഹാബലി പാതാളത്തിലേക്കു താണു. എന്നാൽ വർഷത്തിൽ ഒരുതവണ തന്റെ പ്രജകളെ വന്നു കണ്ടുകൊള്ളുവാൻ അനുവാദം മഹാവിഷ്ണു മഹാബലിക്കു നൽകി. അങ്ങനെ മഹാബലി ചിങ്ങമാസത്തിൽ കേരളം സന്ദർശിക്കുന്നു.

തിരുവോണത്തെ കേരളത്തിലെ ഒരു വിളവെടുപ്പുൽസവമായും കരുതുന്നവരുണ്ട്. ചിങ്ങമാസം കേരളത്തിലെ കൊയ്ത്തുകാലമാണല്ലൊ. മിക്കവാറും എല്ലാ വീടുകളും നെല്ലും മറ്റു ധാന്യങ്ങളുംകൊണ്ടു നിറഞ്ഞിരിക്കും. അങ്ങനെ ആഘോഷത്തിനു പറ്റിയ സാഹചര്യമാണ് അപ്പോഴം ഉള്ളത്.

ഓണാഘോഷം ചിങ്ങമാസത്തിലെ അത്തംനാളം മുതൽ ആരംഭിക്കുന്നു. ഉത്രാടം, തിരുവോണം, അവിട്ടം, ചതയം, ഈ നാലു ദിവസങ്ങൾക്കാണു പ്രാധാന്യം. അത്തം മുതൽ ഓണം കൊണ്ടാടാനുള്ള ഒരുക്കങ്ങളം ആരംഭിക്കും. വീടുകളം വൃത്തിയാക്കും; കൂടുതൽ മോടി പിടിപ്പിക്കും; സദ്യക്കുവേണ്ട സാധനങ്ങളം ശേഖരിച്ചു തുടങ്ങും. ധനികനും ദരിദ്രനും തമ്മിൽ ഇക്കാര്യത്തിൽ വ്യത്യാസമില്ല. ''കാണം വിറ്റും ഓണം കൊള്ളണം'' എന്നുള്ള ചൊല്ല് നിങ്ങളം കേട്ടിരിക്കുമല്ലോ.

ഓണാഘോഷങ്ങളിൽ തിരുവോണദിവസത്തിനാണ് കൂടുതൽ പ്രാധാന്യമുള്ളത്. മുറ്റത്ത് ചാണകംകൊണ്ടു നിലം മെഴുകി പൂവിട്ടലങ്കരിക്കുകയാണ് ഒന്നാമത്തെചടങ്ങ്. ആൺകുട്ടികളും പെൺകുട്ടികളുമായി പൂക്കളം തേടിപ്പോകുന്നു. 'പൂവേ പൂവേ പൊലി' എന്ന നാടോടിപ്പാട്ട് അവരുടെ കണ്ഠങ്ങളിൽ നിന്നു മുഴങ്ങിക്കേൾക്കും. പൂക്കൂടകളം നിറച്ച് അവർ തിരിച്ചെത്തുന്നു. പിറ്റേദിവസം പ്രഭാതത്തിൽ പൂക്കളം അലങ്കരിക്കാനുള്ള പൂക്കളൊണിവ.

തൃക്കാക്കരയപ്പനെ എഴുന്നള്ളിച്ചിരുത്താനുള്ള ഇരിപ്പിടമാണ് കുട്ടികളം പൂക്കളംകൊണ്ട് ഉണ്ടാക്കുന്നത്. അത്തം മുതൽ ഉത്രാടം വരെയാണ് പൂവിടൽ. തിരുവോണനാളിൽ അതിരാവിലെ കളം മെഴുകി അതിൽ അരിമാവുകൊണ്ട് കോലം വരച്ച് അതിനുമേൽ ഒരു പലകയിടുന്നു. അതിലാണ് തൃക്കാക്കരയപ്പനെ പ്രതിഷ്ഠിക്കുന്നത്. മണ്ണുകൊണ്ടോ മരംകൊണ്ടോ ഉള്ള വിഗ്രഹമായിരിക്കും തൃക്കാക്കരയപ്പന്റേത്. തൃക്കാക്കരയപ്പന്റെ മുടിയിലും വശങ്ങളിലും തുമ്പപ്പൂവ്, തെച്ചിപ്പൂവ്, മുല്ലപ്പൂവ്, ചെമ്പരത്തിപ്പൂവ് മുതലായ പൂക്കളം വാരിവിതറും. തൃക്കാക്കരയപ്പനെ പ്രതിഷ്ഠിച്ചു കഴിഞ്ഞാൽ ദിവസവും മൂന്നു നേരം പൂജ നടത്തണമെന്നുണ്ട്. പഴം, ശർക്കര, അട, പാൽ, പായസം എന്നിവ നിവേദിക്കുന്നതോടൊപ്പം ആർപ്പുവിളികളം മുഴക്കുകയും ചെയ്യും. നാലാമോണത്തിനുശേഷമാണ് തൃക്കാക്കരയപ്പനെ എടുത്തു മാറ്റുന്നത്.

തൃക്കാക്കരവച്ചാണ് ഓണം ആദ്യമായി ആഘോഷിച്ചതെന്നാണ് സങ്കല്പം. പണ്ടു തൃക്കാക്കര ക്ഷേത്രത്തിൽവച്ച് ഓണം ഇരുപത്തിയേഴുദിവസം ആഘോഷിച്ചിരുന്നുപോലും. അപ്പോഴം കേരളത്തിലെ എല്ലാ നാടുവാഴികളും അതിൽ പങ്കുകൊള്ളാൻ അവിടെ എത്തിച്ചേർന്നിരുന്നു, ആ യാത്രയുടെ ഓർമ്മയ്ക്കായിട്ടാണ് കൊച്ചിമഹാരാജാവും മലബാറിലെ സാമൂതിരിപ്പാടും 'അത്തച്ചമയം' എന്ന ആഘോഷം നടത്തിയിരുന്നത്.

തിരുവോണദിവസം രാവിലെ ആളുകൾ കുളികഴിഞ്ഞ് ക്ഷേത്രങ്ങളിൽപോയി ആരാധന നടത്തുന്നു. അന്ന് കുടുംബത്തിന്റെ തലവൻ എല്ലാവർക്കും സമ്മാനം നൽകുന്നു. മഞ്ഞവസ്ത്രങ്ങൾ നൽകുന്നത് ഒരു പ്രത്യേകതയാണ്. ഊണിനുള്ള എല്ലാ വിഭവങ്ങളും ഉച്ചക്കുമുമ്പ് ഒരുക്കികഴിഞ്ഞിരിക്കും. ഓണസദ്യയിൽ പങ്കുകൊള്ളണമെന്ന് കുടുംബത്തിൽ എല്ലാവരുടെയും കടമയാണെന്നു വിശ്വസിച്ചുവരുന്നു. അതിനാൽ മറുനാട്ടിൽ കഴിയുന്ന ബന്ധുക്കൾപോലും അന്നു നാട്ടിൽ വന്നുചേരും.

ഊണിനുശേഷം കളികളാണ്. വീട്ടിനുള്ളിലും വെളിയിലുംവച്ചു പല കളികളും നടത്താറുണ്ട്. ഓണക്കളികളിൽ നാടൻ പന്തുകളിക്കാണ് അധികം പ്രാധാന്യം. തുമ്പിതുള്ളൽ, കൈകൊട്ടിക്കളി, ഊഞ്ഞാലാട്ടം, കരടികളി, വള്ളംകളി എന്നിവ ഓണക്കാലത്തെ പ്രത്യേക വിനോദങ്ങളാണ്. കയ്യാംകളിയും വില്ലുകൊട്ടലുമാണ് മറ്റു രണ്ടു വിനോദങ്ങൾ. ഓണക്കാലത്ത് ആബാലവൃദ്ധം ജനങ്ങളും ഏതെങ്കിലും വിനോദത്തിൽ ആവേശപൂർവം പങ്കുകൊള്ളുന്നു. മധുരമായ ഗാനങ്ങളും മനോഹരമായ നൃത്തങ്ങളും ആർപ്പുവിളികളും കൂട്ടക്കുരവകളും നാനാവർണ്ണരംഗികളും തങ്ങി നിൽക്കുന്ന അന്തരീക്ഷത്തിൽ ജീവിതക്ലേശങ്ങൾ വിസ്മരിച്ചു നാടെങ്ങുമുള്ള ജനങ്ങൾ ലയിക്കുന്നു.

പണ്ടുമുതൽ കേരളീയർ ആഘോഷിച്ചുവരുന്ന ഒരുൽസവമാണ് ഓണം. ജാതിമതഭേദമെന്യേ ജനങ്ങൾ ഓണം കൊണ്ടാടുന്നു. രാജാക്കന്മാർപോലും ഓണാഘോഷത്തിനു നേതൃത്വം നൽകിയിരുന്നു. നൂറ്റാണ്ടുകൾ കടന്നുപോയിട്ടും ഇന്നും ഓണത്തിന്റെ രംഗി മങ്ങുപോയിട്ടില്ല. അതിൽ കേരളീയർക്കുള്ള താൽപര്യം മങ്ങിയിട്ടില്ല.

അഭ്യാസം

പദങ്ങൾ:—

കൊണ്ടാടുക, അസുരൻ, ആമോദം, വടു, സാഹചര്യം, ആബാലവൃദ്ധം, നാനാവർണ്ണരംഗികൾ, ജാതിമതഭേദമെന്യേ.

പ്രശ്നങ്ങൾ:—

1. തിരുവോണം എന്ന ഉൽസവത്തിന് ഉചിതമായ കാലവും ചുറ്റുപാടുകളുമാണുള്ളത്—വിവരിക്കുക.
2. മഹാബലിയുടെ കാലത്തെ ഭരണം എപ്രകാരമുള്ളതായിരുന്നു?
3. മഹാബലിയുമായി ഓണത്തിനുള്ള ബന്ധമെന്ത്?
4. "കാണം വിറ്റും ഓണം കൊള്ളണം" വിശദമാക്കുക.
5. ഓണക്കാലത്തെ പ്രധാന വിനോദങ്ങൾ എന്തെല്ലാം?

# മലയാള പാഠാവലി

## സ്റ്റാൻഡേർഡ് -3

TB/III/1996/400(M)

TB/III/1996/400(m) TBN6 II0004



# മലയാള പാഠാവലി

## സ്റ്റാൻഡേർഡ് -3

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി

കേരള സർക്കാർ

1996

V. *കാണാതെ ചൊല്ലുക*

അണ്ണാറക്കണ്ണനും . . . . . .

. . . . . .

. . . . . .ഉണ്ണിക്കദ്ഭുതമാഹ്ലാദം

## രചന

I. *പൂരിപ്പിച്ചെഴുതുക*

കണ്ണിൽക്കണ്ടതും . . . . . .

. . . . . .

. . . . . .

. . . . . . മാഹ്ലാദം

II. *ചേർത്തെഴുതുക*

| | | | | |
|---|---|---|---|---|
| 1. | അദ്ഭുതം | + | ആഹ്ലാദം | . . . . . |
| 2. | തിരികെ | + | എത്തുന്നതും | . . . . . |
| 3. | കൊയ്ത്തിന് | + | ആരോ | . . . . . |
| 4. | എന്താണ് | + | എന്ന് | . . . . . |
| 5. | എന്തിനും | + | ഏതിന്നും | . . . . . |
| 6. | ഉണ്ണിക്ക് | + | എന്നെന്നും | . . . . . |

III. *ഉത്തരം എഴുതുക*

1. ഉണ്ണിക്ക് ഒരേ ഒരു കൂട്ടേ ഉള്ളു. ആരാണത്?

. . . . . .

2. കുഞ്ഞേടത്തി കഥ പറഞ്ഞുകൊടുക്കുമ്പോൾ ഉണ്ണിക്ക് എന്തു തോന്നും?

. . . . . .

3. അണ്ണാറക്കണ്ണൻ മണ്ണു ചുമന്നതിന് ലഭിച്ച സമ്മാനം അതിന്റെ ശരീരത്തിൽ തന്നെയുണ്ട്? എന്താണത്?

. . . . . .

4. നക്ഷത്രപ്പാടത്തെ കൊയ്ത്തരിവാൾ ഏതാണ് ?

. . . . . .

. . . . . .

*IV. താഴെ പറയുന്നവ എന്തു ചെയ്തു എന്ന് എഴുതുക*

1. ഉച്ചവെയിൽ

. . . . . .

. . . . . .

2. തുമ്പികൾ

. . . . . .

3. കുഞ്ഞിത്തത്ത

. . . . . .

*V. ഓർമിച്ച് എഴുതുക.*

കുഞ്ഞേടത്തിയെ . . . . .

. . . . . .

. . . . . .

. . . . . .

. . . . . .

. . . . . കൂട്ടുള്ളു

*VI. പകർത്തിയെഴുതുക*

അണ്ണാറക്കണ്ണനും മണ്ണുചുമന്നതും

. . . . . .

. . . . . .

. . . . . .

ഉണ്ണിക്കദ്ഭുതമാഹ്ലാദം

പാഠം 8

# തിരുവോണം

പൊന്നിൻ ചിങ്ങം പിറന്നു. മാനം തെളിഞ്ഞു. മരങ്ങളും ചെടികളും പൂത്തുലഞ്ഞു. നെൽപ്പാടങ്ങളിൽ കതിരുകൾ വിളഞ്ഞു. നെല്ലറകൾ നിറഞ്ഞു. എങ്ങും സമൃദ്ധിയും സന്തോഷവും കളിയാടി.

"പൂവേ പൊലി പൂവേ
പൂവേ പൊലി പൂവേ"

ബാലികാബാലന്മാർ പൂക്കൂടകളുമേന്തി പറമ്പുകളിൽ ചുറ്റി നടക്കുന്നു. എന്തെല്ലാം പൂക്കളാണ് അവർ പറിച്ചെടുത്തതെന്നോ? വെള്ളപ്പല്ലുകാട്ടിച്ചിരിക്കുന്ന തുമ്പപ്പൂക്കൾ, ആകാശനീലനിറമുള്ള കാക്കപ്പൂക്കൾ, സ്വർണനിറത്തിലുള്ള മുക്കുറ്റിപ്പൂക്കൾ മാത്രമല്ല മല്ലിക, അരിപ്പൂ, ചെണ്ടുമല്ലിക, കാശിത്തുമ്പ തുടങ്ങി സുലഭമായി ലഭിക്കുന്ന പൂക്കളും അവർ ശേഖരിച്ചിരിക്കുന്നു.

വർണവൈവിദ്ധ്യമുള്ള പൂക്കൾ കൊണ്ടു മനോഹരമായ ഓണപ്പൂക്കളമൊരുക്കുന്ന തിരക്കിലാണ് എല്ലാവരും. കുട്ടികളും മുതിർന്നവരും ചേർന്ന് അത്തം മുതൽ പത്തുദിവസം വീട്ടുമുറ്റത്ത് പൂവിട്ട് മാവേലി മന്നനെ കാത്തിരിക്കുന്നു.

"മാവേലി നാടു വാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ
ആമോദത്തോടെ വസിക്കും കാലം
ആപത്തങ്ങാർക്കുമൊട്ടില്ല താനും."

ഈ പാട്ടു കേട്ടിട്ടില്ലേ? പണ്ട് കേരളം ഭരിച്ച പ്രജാസ്നേഹിയായ രാജാവായിരുന്നു മഹാബലി. അദ്ദേഹത്തിന്റെ ഭരണകാലത്ത് ജനങ്ങളെല്ലാം ഒന്നുപോലെ ആനന്ദത്തോടെ വസിച്ചു. കള്ളവും ചതിയും ഉണ്ടായിരുന്നില്ല. മഹാബലി വർഷത്തിലൊരിക്കൽ തന്റെ പ്രിയപ്പെട്ട നാട്ടുകാരെ കാണാൻ വരുമെന്നാണ് ഐതിഹ്യം. തിരുവോണദിവസമാണ് അദ്ദേഹം വരുന്നത്. കഴിഞ്ഞുപോയ ആ നല്ല കാലത്തിന്റെ ഓർമ്മ പുതുക്കുകയാണ് ഓണദിവസത്തിൽ നാം ചെയ്യുന്നത്.

വീടും ചുറ്റുപാടും വൃത്തിയാക്കി, വീട്ടുമുറ്റത്തുപൂക്കളമൊരുക്കി, ഓണക്കോടിയുടുത്ത് കേരളീയർ മാവേലിയുടെ വരവു കാത്തിരിക്കുന്നു. പപ്പടവും പഴവും പ്രഥമനും ഉപ്പേരിയും പലതരം വിഭവങ്ങളുമടങ്ങിയ ഓണസ്സദ്യ വിശേഷപ്പെട്ടതുതന്നെ. പാവപ്പെട്ടവനും പണക്കാരനും ഒന്നുപോലെ ഓണം ആഘോഷിക്കുന്നു.

ഓണസ്സദ്യ കഴിഞ്ഞു കേരളീയർ എന്തെല്ലാം വിനോദങ്ങളിലാണ് ഏർപ്പെടുന്നതെന്നോ?

ഊഞ്ഞാലാട്ടം, തുമ്പിതുള്ളൽ, പന്തുകളി, കിളിത്തട്ടുകളി, തിരുവാതിരകളി, കടുവാകളി ഇങ്ങനെ എത്രയെത്ര കളികളുണ്ടായിരുന്നു.

ഓണക്കാലത്ത് ചില പ്രദേശങ്ങളിൽ ജലോത്സവങ്ങളും നടത്താറുണ്ട്. പമ്പാനദിയിലെ ആറൻമുള വള്ളംകളി ഉത്രട്ടാതി നാളിലാണ്. നെഹ്രുട്രോഫി വള്ളംകളിയാകട്ടെ ആഗസ്റ്റ് മാസത്തിലെ രണ്ടാം ശനിയാഴ്ചയും.

കേരളത്തിൽ ജാതിമത ഭേദമെന്യേ കൊണ്ടാടുന്ന ഒരാഘോഷമാണ് ഓണം. അതുകൊണ്ടാണ് നമ്മുടെ ദേശീയോത്സവമായി ഓണത്തെ കണക്കാക്കുന്നത്.

## അഭ്യാസം

*I. ഉത്തരം പറയുക*

1. ബാലികാബാലന്മാർ എവിടെയാണ് ചുറ്റി നടന്നത്?
2. ഏതെല്ലാം പൂക്കളാണ് അവർ ഇറുത്തത്?

3. എന്തിനാണ് കുട്ടികൾ പൂക്കൾ ശേഖരിച്ചത്?

4. എത്രനാളാണ് വീട്ടുമുറ്റത്ത് പൂക്കളം ഇടുന്നത്?

5. ആരെയാണ് കുട്ടികൾ കാത്തിരിക്കുന്നത്?

6. മഹാബലിക്കുള്ള പ്രത്യേക ഗുണമെന്തായിരുന്നു?

7. ഓണക്കളികളുടെ പേരുപറയുക?

8. മാവേലിക്കായി ഒരുക്കുന്ന ഓണസദ്യയുടെ വിഭവങ്ങൾ പറയുക?

9. പ്രസിദ്ധമായ രണ്ടു വള്ളംകളികൾ ഏതെല്ലാം?

10. ഓണം ദേശീയോത്സവമാണെന്നു പറയുന്നതെന്തുകൊണ്ട്?

II. *ഉച്ചാരണശുദ്ധിയോടെ വായിക്കാനുള്ള പദങ്ങൾ*

സമൃദ്ധി, വർണ്ണവൈവിധ്യം, സംതൃപ്തർ, ഓണസദ്യ, പ്രഥമൻ, ജലോത്സവം, ജാതിമത ഭേദമെന്യേ, ദേശീയോത്സവം, ആഘോഷം.

III. *ചേർത്തെഴുതുക*

കളി + ആടി — കളിയാടി

വെള്ള + പല്ല് —

ഊഞ്ഞാൽ + ആട്ടം —

ദേശീയ + ഉത്സവം —

പൂത്ത് + ഉലഞ്ഞു —

ഇറുത്ത് + എടുത്ത —

കാത്ത് + ഇരിക്കുന്നു. —

ആപത്ത് + ഒന്നും —

IV. *പിരിച്ചെഴുതുക*

നെല്ലറ, കാക്കപ്പൂവ്, തിരുവോണം, ഓണസ്സദ്യ, പൂത്തുലഞ്ഞു

V. *കേട്ടെഴുതുക*

പൂത്തുലഞ്ഞു, പൂക്കൂട, മുക്കുറ്റിപ്പൂവ്, സംതൃപ്തൻ, ഐതിഹ്യം, ഓണക്കോടി, വിഭവം, ജാതിമതഭേദമെന്യേ, നെഹ്രുട്രോഫി, പ്രദേശങ്ങൾ, ശേഖരിക്കുക.

## രചന

I. *പദങ്ങളുടെ അർഥം നിഘണ്ടുനോക്കി പറയുക*

വർണം, സുലഭം, മാനുഷർ, വിനോദം, മാനം, ആമോദം, വസിക്കുക.

II. *ചേർത്തെഴുതുക*

തുമ്പപ്പൂവിന്റെ നിറം .....

കാക്കപ്പൂവിന്റെ നിറം .....

മുക്കുറ്റിപ്പൂവിന്റെ നിറം .....

III. *താഴെക്കൊടുത്തിരിക്കുന്ന ആശയം വരുന്ന പാഠഭാഗത്തിലെ വാക്യങ്ങൾ പാഠഭാഗത്തു നിന്ന് എടുത്തെഴുതുക.*

മാതൃക - ചിങ്ങമാസം വന്നു - പൊന്നിൻ ചിങ്ങം പിറന്നു.

1) ആകാശം തെളിഞ്ഞു

2) നെല്ലു വിളഞ്ഞു

3) മരങ്ങളും ചെടികളും നിറയെ പൂക്കളുണ്ടായി.

IV. *താഴെ കൊടുക്കുന്ന പദങ്ങളുപയോഗിച്ചു സ്വന്തം വാക്യങ്ങൾ നിർമ്മിക്കുക.*

മാതൃക : എന്തെല്ലാം വിനോദങ്ങളിൽ ഏർപ്പെടാറുണ്ടെന്നോ?

എന്തെല്ലാം വിഭവങ്ങൾ .....

എന്തെല്ലാം പൂക്കൾ .....

V. *പകർത്തിയെഴുതുക*

പൊന്നിൻ ചിങ്ങം .....

പുത്തുലഞ്ഞു .....

വെള്ളപ്പല്ലുകാട്ടിച്ചിരിക്കുന്ന .....

വർണവൈവിധ്യമുള്ള .....

ആമോദത്തോടെ .....

തുമ്പിതുള്ളൽ .....

കിളിത്തട്ടുകളി .....

VI. *മാതൃകനോക്കി മറ്റു രൂപങ്ങൾ എഴുതുക*

| | | |
|---|---|---|
| വിളയുക, | വിളഞ്ഞു, | വിളയും |
| നടക്കുക, | ..... | ..... |
| കേൾക്കുക | ..... | ..... |
| ശേഖരിക്കുക | ..... | ..... |

VII. *തന്നിട്ടുള്ള വാക്യങ്ങളിൽ വിപരീതാർഥമുള്ള വാക്കുകൾക്കടിയിൽ വരയിടുക.*

1) മാവേലിയെ നാം ഓർമിക്കുന്നു.

സ്നേഹിതന്മാരെ കുറെക്കാലം കാണാതിരുന്നാൽ നാം മറക്കുന്നു.

2) കേരളത്തിൽ മഴ സുലഭമാണ്.

രാജസ്ഥാനിൽ മഴ ദുർലഭമാണ്.

VIII. *താഴെ തന്നിട്ടുള്ള നാലു വാക്യങ്ങളിലും ഓരേ അർഥത്തിലുള്ള പദം വരുന്നുണ്ട്. ആ പദങ്ങൾക്കു താഴെ വരയിടുക.*

1. കുട്ടികൾ സന്തോഷത്തോടെ പൂക്കൾ പറിച്ചു.
2. ഓട്ടത്തിൽ ഒന്നാമതെത്തിയപ്പോൾ രമ ആഹ്ലാദിച്ചു.
3. മാവേലിയുടെ കാലത്ത് ജനങ്ങൾ ആമോദത്തോടെ വസിച്ചു.
4. അപ്പൻ ക്രിസ്തുമസ് അവധിക്കു വരുമെന്ന കത്തുവന്നപ്പോൾ ഷീലക്ക് സന്തോഷം തോന്നി.

IX. *മാതൃകയനുസരിച്ച് പദങ്ങൾ പിരിച്ചു പറയുക.*

കേട്ടിട്ടില്ലേ — കേട്ടിട്ട് + ഇല്ലേ

പൂക്കളമിട്ട് .....

ഏർപ്പെടാറുണ്ട് .....

X. *പദങ്ങൾ ചേർത്തെഴുതുക*

| | | | |
|---|---|---|---|
| വെള്ള | + | പല്ല് | ⟶ |
| മുക്കുറ്റി | + | പൂക്കൾ | ⟶ |
| കാക്ക | + | പൂവ് | ⟶ |
| പൂ | + | കളം | ⟶ |
| ഓണ | + | കാലം | ⟶ |
| തിരുവാതിര | + | കളി | ⟶ |

XI. *ഉചിതമായ അക്ഷരം ചേർത്തെഴുതുക*

| | | | |
|---|---|---|---|
| സ | --- | ദ്ധി | യോ |
| വൈ | --- | ദ്ധ്യം | മ്യ |
| പ്ര | --- | ദ്ധം | സി |
| അ | --- | ദ്ധ്യ | വി |

XII. *അകാരാദിക്രമത്തിൽ പദങ്ങൾ എടുത്തെഴുതുക*

ഒരുമ, എങ്ങും, ഇറുത്ത്, അവർ, ഓണം, ഉമ, ആനന്ദം, ഈച്ച, ഊർമ്മിള, ഋതു, ഏവ, ഐതിഹ്യം, ഔഷധം, ---------, ---------, ---------, ---------, ---------, ---------, ---------, ---------, ---------, ---------, ---------, ---------

XIII. *ഉചിതമായ വാക്കുകൾ ചേർത്ത് മഹാബലിയുടെ കഥ പൂർത്തിയാക്കുക.*

പണ്ടു കേരളം ഭരിച്ചിരുന്ന ------- ആയിരുന്നു മഹാബലി. അദ്ദേഹത്തിന്റെ ഭരണകാലം ------- ആയിരുന്നു, എല്ലാവരും സുഖത്തോടെയും ------- വസിച്ചിരുന്നു.

ദേവദേശത്തുപോലും മഹാബലി -------- ആയിരുന്നു. മഹാബലിയുടെ കേൾവിയിൽ അസൂയാലുക്കളായ ദേവന്മാർ -------- ഭൂമിയിലേക്കയച്ചു. ഒരു -------ന്റെ വേഷത്തിലായിരുന്നു മഹാവിഷ്ണു വന്നത്. ദാനശീലനായ മഹാബലിയോടു -------- മണ്ണിന്നായിരുന്നു ആവശ്യപ്പെട്ടത്. ബലി സന്തോഷത്തോടെ തരാമെന്നു സമ്മതിച്ചു.

മഹാവിഷ്ണു ആകാശം മുട്ടെ വളർന്നു. ഒരടികൊണ്ട് -------- വും, മറ്റൊരടികൊണ്ട് --------യും അളന്നു. മൂന്നാമത്തെ അടി വെക്കാൻ സ്ഥലമില്ലാതിരുന്നപ്പോൾ ബലി ------- താഴ്ത്തിക്കാണിച്ചുകൊടുത്തു. ബലിയെ -------ലേക്ക് ചവിട്ടിത്താഴ്ത്തി. പ്രജാവത്സലനായ ബലി ------- ഒരിക്കൽ തന്റെ ജനങ്ങളെ ------- വേണ്ടി വരുവാനുള്ള അനുവാദത്തിന്നപേക്ഷിച്ചു. ആ ദിവസമാണ് നാം ------- ആഘോഷിക്കുന്നത്.

# കേരള പാഠാവലി



## പ്രൈമർ

## 2

TB/II/2003/400(M)

കേരള സർക്കാർ വിദ്യാഭ്യാസ വകുപ്പ് 2003

TB | II | 2003 | M | 400 (m)

# കേരളപാഠാവലി

## സ്റ്റാന്റേർഡ് (2)

STATE EDUCATIONAL LIBRARY
TRIVANDRUM

കേരള സർക്കാർ
വിദ്യാഭ്യാസ വകുപ്പ്
2003

# 6 ഓണം വരവായി

മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരുംമൊന്നുപോലെ
ആമോദത്തോ ട വസിക്കും കാലം
ആപത്തങ്ങാർക്കുമൊട്ടില്ലതാനും
ആധികൾ വ്യാധികളൊന്നുമില്ല
ബാലമരണങ്ങൾ കേൾപ്പാനില്ല
കളളവുമില്ല ചതിയുമില്ല
എളേളാളമില്ല പൊളിവചനം
വെളളിക്കോലാദികൾ നാഴികളും
എല്ലാം കണക്കിനു തുല്യമായി
കളളപ്പറയും ചെറുനാഴിയും
കളളത്തരങ്ങൾ മറ്റൊന്നുമില്ല.

## വരികൾ കണ്ടെത്താം

മനുഷ്യർ തുല്യരായിരുന്നു എന്നു പറയുന്ന വരി ഏത്?

ആളുകളുടെ സന്തോഷം സൂചിപ്പിക്കുന്ന വരി ഏത്?

'കള്ളത്തരങ്ങൾ മറ്റൊന്നുമില്ല' - ഏതെല്ലാം കള്ളത്തരങ്ങളെക്കുറിച്ചാണു പറയുന്നത്?

## നിങ്ങൾക്കറിയാമോ?

ഓണവുമായി ബന്ധപ്പെട്ട് പ്രസിദ്ധമായ ഒരു കഥയുണ്ട്. പണ്ട് മഹാബലി എന്നൊരു ചക്രവർത്തി കേരളം ഭരിച്ചിരുന്നു. അദ്ദേഹം ജനങ്ങളെ വളരെയധികം സ്നേഹിച്ചിരുന്നു. നാട്ടിലാകെ സമൃദ്ധിയും സന്തോഷവും സമാധാനവും നിറഞ്ഞുനിന്നു. ദേവന്മാർക്ക് അസൂയയായി. അവർ മഹാവിഷ്ണുവിനെ സമീപിച്ചു. മഹാവിഷ്ണു വാമനന്റെ വേഷത്തിൽ വന്ന് മഹാബലിയോട് മൂന്നടി മണ്ണ് യാചിച്ചു. ഒന്നാമത്തെ ചുവടുകൊണ്ടു ഭൂമിയും പാതാളവും അളന്നു. രണ്ടാമത്തെ ചുവടു കൊണ്ട് സ്വർഗവും.

മൂന്നാമത്തെ ചുവടുവയ്ക്കാൻ ഇടമില്ല. മഹാബലി തലകുനിച്ചു. അദ്ദേഹത്തെ വാമനൻ പാതാളത്തിലേക്കു ചവിട്ടിത്താഴ്ത്തി. വർഷത്തിൽ ഒരു ദിവസം തന്റെ പ്രജകളെ കാണാൻ മഹാബലിക്ക് അനുവാദം കിട്ടി. അങ്ങനെ മഹാബലി നാടുകാണാൻ വരുന്ന ദിവസമാണത്രേ തിരുവോണം.

## അഭിനയിക്കാം

മഹാബലിയുടെ കഥ ക്ലാസിൽ സംഘമായി അഭിനയിക്കൂ.

## പൂക്കളം ഒരുക്കാം



പൂക്കളത്തിൽ എന്തൊക്കെ രൂപങ്ങൾ? ഒരേ തരം രൂപങ്ങൾക്ക് ഒരേ നിറം കൊടുക്കൂ? ഓരോ രൂപവും എത്രവീതം? എഴുതൂ.



..... 

..... 

..... 

## കൂട്ടിച്ചേർത്ത് പാടാം

ഒന്നാം പൂവേ ഞാനിടുവേൻ

ഒന്നാം പൂവിതു തുളസിപ്പൂ

രണ്ടാം പൂവേ ഞാനിടുവേൻ

രണ്ടാം പൂവിതു .....

.....

.....

പത്തുതരം പൂവു് ഞാൻ നിരത്തി

അത്തപ്പൂക്കളം ഞാനൊരുക്കി.

## ഓണക്കോടി വാങ്ങാം

ലാലുവിനും ലക്ഷ്മിക്കും ഓണക്കോടി വേണം. അവർ അച്ഛനോടൊപ്പം തുണിക്കടയിലെത്തി. കടയിൽ പ്രദർശിപ്പിച്ചിരുന്ന വിലവിവരപട്ടിക പരിശോധിച്ചു.

സഹകരണ ടെക്സ്റ്റയിൽസ്

| ഇനം | വില (രൂപ) |
|---|---|
| ഷർട്ട് | 85 |
| നിക്കർ | 48 |
| പാവാട | 82 |
| ഫ്രോക്ക് | 93 |
| സാരി | 195 |
| മുണ്ട് | 70 |
| മഞ്ഞക്കോടി | 10 |

ലാലുവിന് ഷർട്ടും നിക്കറും വാങ്ങി.
ലക്ഷ്മിക്ക് ഫ്രോക്കും മഞ്ഞക്കോടിയും.
അവർ ബിൽ പരിശോധിച്ചു.

- ലാലുവിന്റെ ഷർട്ടിനും നിക്കറിനും കൂടി നൽകേണ്ട രൂപ? ☐
- ലക്ഷ്മിയുടെ ഫ്രോക്കിനും മഞ്ഞക്കോടിക്കും കൂടി നൽകേണ്ട രൂപ? ☐
- ആരുടെ ഓണക്കോടിക്കാണ് കൂടുതൽ വിലയായത്?

## പദങ്ങൾ വേർതിരിക്കാം

വാഴക്കുല - വാഴ + കുല
പുള്ളിപ്പശു - .....
..... - .....
..... - .....

## പദങ്ങൾ എഴുതാം

ഥ ദ ധ

ഇവ ചേർന്നുവരുന്ന എത്ര പദങ്ങൾ എഴുതാം?

## പുലികളി

ഓണക്കാലത്തെ ഒരു പ്രധാന കളിയാണ് പുലികളി.മേലെല്ലാം ചായം പൂശി പുലിയുടെ വേഷം കെട്ടിയ ഒന്നിലധികം ആളുകൾ. പ്രത്യേക വേഷമണിഞ്ഞു തോക്കുമായി വേട്ടക്കാർ. ചെണ്ടമേളത്തിന് വേറെയും ആളുകൾ.

മേളക്കാരുടെ താളത്തിനനുസരിച്ച് പുലികളും
വേട്ടക്കാരും ചുവടു വയ്ക്കുന്നു.

ചാടിക്കളിക്കുന്ന പുലിയെ പമ്മിപ്പമ്മി ചെന്ന്
വേട്ടക്കാരൻ വെടിവെച്ചു വീഴ്ത്തുന്നു.
കളി ആവർത്തിക്കുന്നു.

## എന്റെ നാട്ടിലെ ഓണക്കളികൾ

നിങ്ങൾ കളിക്കാറുള്ള ഓണക്കളികൾ
ഏതെല്ലാം? അവയെക്കുറിച്ച് എഴുതൂ.

## പാടി രസിക്കാം

കുമ്മിയടിക്കുവിൻ കുമ്മിയടിക്കുവിൻ

കുമ്മിയടിക്കുവിൻ കൂട്ടുകാരേ
കുമ്പിട്ടു കുമ്പിട്ടു കുമ്മിയടിക്കുവിൻ

കുമ്മിയടിക്കുവിൻ കൂട്ടുകാരേ

## തുമ്പിതുള്ളൽ

ഒന്നാം തുമ്പിയും അവൾപെറ്റ മക്കളും
ഓടി നടപ്പതു തുമ്പിതുള്ളാൻ
തുമ്പി ഇരുമ്പല്ല ചെമ്പല്ല ഓടല്ല
തുമ്പിയ്ക്കുടൽമാല പൊൻമാല.

## ഓണസ്സദ്യ

ഓണപ്പൂക്കൾ പറിക്കേണ്ടേ

ഓണക്കോടി ഉടുക്കേണ്ടേ

ഓണത്തപ്പനു കുമ്പനിറയ്ക്കാൻ

ഓണസ്സദ്യ ഒരുക്കേണ്ടേ?

ഓണസ്സദ്യയ്ക്ക് എന്തെല്ലാം വിഭവങ്ങളാണ് ഒരുക്കുന്നത്? എഴുതൂ.

ഉപ്പേരി

.....

.....

.....

## ഓണാശംസകൾ

ഓണത്തിന് നിങ്ങളുടെ കൂട്ടുകാർക്ക് അയയ്ക്കാൻ ആശംസാകാർഡുകൾ തയാറാക്കൂ.

## ഓണച്ചന്തയിൽ

ലാലുവിന്റെ വീട്ടിൽ ഓണസ്സദ്യ ഒരുക്കണം അവൻ ചന്തയിൽ നിന്ന് ചില സാധനങ്ങൾ വാങ്ങി. ഓരോന്നിനും എത്ര രൂപയാണെന്ന് നോക്കൂ.

പഴം - 26 രൂപ
പച്ചക്കറി - 74 രൂപ
ഏത്തക്കായ് - 38 രൂപ
പപ്പടം - 35 രൂപ

- പഴവും പച്ചക്കറിയും വാങ്ങിയ കടയിൽ കൊടുത്തത് ☐ രൂപ.
- ഏത്തക്കായും പപ്പടവും വാങ്ങിയതിന് കൊടുത്തത് ☐ രൂപ
- പഴത്തേക്കാൾ എത്ര രൂപ കൂടുതൽ ഏത്താക്കായ് കൊടുക്കേണ്ടിവന്നു?

☐

## അത്തപ്പൂക്കളം

ലക്ഷ്മി അത്തപ്പൂക്കളം ഒരുക്കി. ഒന്നാം വരിയിൽ ഓണത്തപ്പനു ചുറ്റും 15 പൂക്കൾ വെച്ചു. അതിന് ചുറ്റുമുള്ള ഓരോ വരിയിലും 7 പൂക്കൾ വീതം കൂടുതൽ നിരത്തി. 10 വരികളിലാണ് അവൾ പൂക്കൾ നിരത്തിയത്. ഓരോ വരിയിലും നിരത്തിയ പൂക്കളുടെ എണ്ണം ക്രമത്തിൽ എഴുതുക.

15, ....., ....., ....., ....., ....., ....., .....